# പതിനാലാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി

## (2016 – 19)

പത്താമത് റിപ്പോർട്ട്

(കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച്)

(2018 ....മാർച്ച്........ മാസം ......7.........ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

Fcp3/trp/est/09.02.18

പതിനാലാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2016 – 19)

പത്താമത് റിപ്പോർട്ട്

(കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച്)

Fep3/rep/est/09.02.18

# ഉള്ളടക്കം


| | | |
|---|---|---|
| സമിതിയുടെ ഘടന | - | v |
| മുഖവുര | - | vii |
| റിപ്പോർട്ട് | - | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ :</u>

ശ്രീ. പി.കെ. അബ്ദുറബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ.പി. അനിൽകുമാർ

ശ്രീ. ബി.ഡി. ദേവസ്സി

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കെ.സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി.വി. രാജേഷ്

ശ്രീ. സി.കെ. ശശീന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി.കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ.എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ.കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർസെക്രട്ടറി

## മുഖവുര

വിവിധ വകുപ്പുകളിൽ നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ഫെബ്രുവരി 27-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2018. ഫെബ്രുവരി 27

Fen3/trn/est/09.02.18

# കേരള നിയമസഭ

## റിപ്പോർട്ട്

1) സംസ്ഥാനങ്ങളുടെ പൊതുവായ വികസനം ലക്ഷ്യമാക്കിയും പ്രത്യേക ആവശ്യങ്ങൾ കണ്ടറിഞ്ഞും കേന്ദ്രസർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. അവയിൽ പൂർണ്ണമായും കേന്ദ്രസഹായത്തോടെയുള്ള പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ യഥാസമയം നേടിയെടുക്കുന്നതിലും അവ ഫലപ്രദമായി വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലും ചില വകുപ്പുകൾ വീഴ്ച വരുത്തുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിലാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിഷയങ്ങൾ ക്രോഡീകരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിലെ പാളിച്ചകൾ വിലയിരുത്തുന്നതിനും അവയുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി വിശദമായ പഠനം നടത്തുന്നതിന് സമിതി തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ 2012 -ൽ സമിതി ആരായുകയും വിവിധ വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ പതിനാലാം ധനകാര്യകമ്മീഷൻ സംസ്ഥാനങ്ങളുടെ നികുതി വിഹിതം 32% -ൽ നിന്ന് 42% ആയി വർദ്ധിപ്പിക്കുകയും സംസ്ഥാനങ്ങൾക്കുള്ള പദ്ധതി ധനസഹായത്തിൽ ആനുപാതികമായ കുറവ് വരുത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ 2015-16 -ലെ കേന്ദ്ര ബഡ്ജറ്റിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ

മാറ്റം വരുത്തുകയും കേന്ദ്ര പദ്ധതികളിൽ കുറവ് വരുത്തുകയും ചെയ്തു. ആയതിനാൽ ഫണ്ടിംഗ് പാറ്റേണിൽ വന്ന വ്യത്യാസം മൂലം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വന്ന മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി പ്രസ്തുത പദ്ധതികൾ നിലവിലുള്ള വിവിധ വകുപ്പുകളിൽ നിന്ന് 21.06.2017, 26.07.2017, 02.08.2017 എന്നീ തീയതികളിൽ 3 ഘട്ടമായി തെളിവെടുപ്പ് നടത്തുകയും പ്രസ്തുത പദ്ധതികളുടെ 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റ് വിഹിത വിനിയോഗം പരിശോധിക്കുകയും കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് പ്രസ്തുത വകുപ്പുകൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിമാരിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## (I) <u>ധനകാര്യ വകുപ്പ്</u>

2) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ നികുതി വിഹിതം 32% -ൽ നിന്ന് 42% ആയി വർദ്ധിപ്പിക്കുകയും സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ ആനുപാതികമായി കുറവ് വരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തുകയും കേന്ദ്രപദ്ധതികളുടെ എണ്ണം 66-ൽ നിന്ന് 28 ആയി കുറയ്ക്കുകയും ചെയ്തു. ഇതിൽ 6 എണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും 20 എണ്ണം കോർ എന്ന വിഭാഗത്തിലും 2 എണ്ണം ഓപ്ഷണൽ വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് മാറ്റുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. പുതിയ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതി ചുവടെ ചേർക്കുന്നു.

(എ) കോർ ഓഫ് ദി കോർ സ്കീമുകൾ

ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്കുള്ള തുക മുൻകാലങ്ങളിൽ അനുവദിച്ച അനുപാതത്തിൽ തന്നെയാണ് തുടരുന്നത് (100% ഉം 90:10 എന്ന അനുപാതത്തിലും)

1. ദേശീയ സാമൂഹ്യ സഹായ പദ്ധതി
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3. പട്ടികജാതി വികസനത്തിനു വേണ്ടിയുള്ള അംബ്രല്ല സ്കീം
4. പട്ടികവർഗ്ഗ വികസനത്തിനു വേണ്ടിയുള്ള അംബ്രല്ല സ്കീം
5. ന്യൂനപക്ഷ വികസനത്തിനു വേണ്ടിയുള്ള അംബ്രല്ല സ്കീം
6. പിന്നോക്ക വിഭാഗം, ഭിന്നശേഷി, മറ്റു അവശവിഭാഗങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള അംബ്രല്ല സ്കീം

(ബി) കോർ സ്കീമുകൾ

കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40 % സംസ്ഥാന വിഹിതവുമാണ് നൽകുന്നത്. പ്രസ്തുത പദ്ധതികൾക്ക് പുതിയ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് മുൻപ് 75 %, 80% എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.

1. ഹരിതവിപ്ലവം (കൃഷി ഉന്നതി സ്കീമുകളും രാഷ്ട്രീയ കൃഷി വികാസ് യോജനയും)
2. ധവള വിപ്ലവം (മൃഗ സംരക്ഷണവും ക്ഷീരോൽപ്പാദനവും)
3. നീലവിപ്ലവം (സംയോജിത മത്സ്യബന്ധന വികസനം)
4. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന
5. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന
6. പ്രധാനമന്ത്രി ആവാസ് യോജന
7. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

8. സ്വച്ഛ്ഭാരത് മിഷൻ

9. ദേശീയ ആരോഗ്യ പദ്ധതി

10. രാഷ്ട്രീയ സ്വാസ്ഥ്യ സുരക്ഷാ യോജന

11. ദേശീയ വിദ്യാഭ്യാസ മിഷൻ

12. ഉച്ചഭക്ഷണ പരിപാടി

13. ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനങ്ങൾ

14. സ്ത്രീകളുടെ ശാക്തീകരണത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള മിഷൻ

15. ദേശീയ ഉപജീവന മിഷൻ

16. തൊഴിലും നൈപുണ്യ വികസനവും

17. പരിസ്ഥിതിയും വനവൽക്കരണവും വന്യജീവി സംരക്ഷണവും

18. നഗര പുനരുജ്ജീവന മിഷൻ

19. പോലീസ് സേനയുടെ നവീകരണം

20. ജുഡീഷ്യറിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

(സി) ഓപ്ഷണൽ സ്കീമുകൾ

ഈ വിഭാഗത്തിൽ കേന്ദ്രസംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഒഴിവാക്കിയ പദ്ധതികൾ 50:50 അനുപാതത്തിൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

i. ബോർഡർ ഏരിയ വികസന പദ്ധതി

ii. ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ

3)കേന്ദ്രസർക്കാർ, കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) എന്ന പേരിൽ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് പ്രസ്തുത സംവിധാനം

ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാ വകുപ്പുകളും പി.എഫ്.എം.എസിൽ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. പി.എഫ്.എം.എസ്. സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാകുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്ന് യഥാസമയം ഫണ്ട് നേടിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുചേർക്കുകയും കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര സർക്കാരിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു.

4) കോ-ഓർഡിനേഷൻ സെൽ വർഷാവസാനം വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചു കൂട്ടുകയും കേന്ദ്ര ഫണ്ട് ചെലവഴിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായ കേന്ദ്രഫണ്ട് വിനിയോഗത്തിനുമായി നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷാവസാനവും പ്രത്യേക സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്താൻ 12.01.2017-ൽ 02/2017/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

5) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്തു് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിവൈസ്ഡ് ഫണ്ട് ഫ്ലോ മെത്തേഡ് (Revised

Fund Flow Method) 21.02.2017 തീയതിയിലെ 24/2017/ധന. നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ക്രെഡിറ്റ് മെമ്മോ പ്രകാരം സംസ്ഥാനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കേന്ദ്ര ഫണ്ട് ക്രെഡിറ്റാകുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട സെക്രട്ടറി/ വകുപ്പുതലവൻമാരെ അറിയിക്കുന്നതോടൊപ്പം ആയത് നടപ്പാക്കുന്ന ബന്ധപ്പെട്ട ഏജൻസി/വകുപ്പിന് റിലീസ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്ന് നൽകി വരുന്നുണ്ട്. ധനകാര്യ വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കുന്നില്ല.

6) <u>പതിനാലാം ധനകാര്യകമ്മീഷന്റെ ശിപാർശ പ്രകാരം വിവിധ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതികൾ വൻതോതിൽ വെട്ടിക്കുറച്ചതിനു പകരമായി പത്തോളം വകുപ്പുകൾക്ക് അലോട്ട് ചെയ്യുന്നതിനായി 2014-15 സാമ്പത്തികവർഷത്തിൽ ധനകാര്യ വകുപ്പിന് അനുവദിച്ച തുക യഥാസമയം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോയെന്നും കേന്ദ്രവിഹിതത്തിൽ വന്ന കുറവ് മൂലം പ്രതിവർഷം സംസ്ഥാനത്തിന് സെക്ടർവൈസായി എത്ര രൂപയുടെ നഷ്ടം ഉണ്ടാകുന്നുവെന്നും അത് സംസ്ഥാന വികസനത്തെ ബാധിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നഷ്ടം നികത്തുന്നതിന് ധനകാര്യവകുപ്പിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകുവാൻ സാധിക്കുമോ എന്നുമുള്ള വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## (II) <u>ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്</u>

7) പതിനാലാം ധനകാര്യകമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രനികുതി വിഹിതം 32% നിന്ന് 42% ആയി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ അനുപാതം മൊത്തം കേന്ദ്രനികുതി വരുമാനത്തിന്റെ 2.34% -ൽ നിന്ന് 2.5% ആയി വർദ്ധിച്ചുവെന്ന് സമിതി വിലയിരുത്തുന്നു. <u>ഇതുസംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സംസ്ഥാനത്തിന് വന്നിട്ടുള്ള നഷ്ടം കണക്കാക്കണമെന്നും വകുപ്പുകൾക്ക് നേരത്തെ കിട്ടിക്കൊണ്ടിരുന്ന കേന്ദ്രസഹായം</u>

ഇപ്പോൾ ലഭിക്കുന്നുണ്ടോയെന്ന കാര്യത്തിൽ വ്യക്തത വരുത്തി അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8) സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിക്കുവാനുള്ള തുകയിൽ കുറവ് വരുന്ന പക്ഷം ആയത് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ധനകാര്യ വകുപ്പിന് ലഭിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഏത് വകുപ്പ് ചെലവഴിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും വകുപ്പ് തിരിച്ച് നൽകുവാൻ നിർദ്ദേശമുണ്ടോയെന്നും ധനകാര്യവകുപ്പ് പ്രസ്തുത നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9) കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതി തയ്യാറാക്കുകയും പുതിയ നയങ്ങൾ രൂപീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കാർഷിക സെൻസസ് 100% കേന്ദ്രസഹായമുള്ള പദ്ധതിയാണ്. 1970-71 മുതൽ തുടർച്ചയായി 5 വർഷത്തിലൊരിക്കൽ നടക്കുന്ന കാർഷിക സെൻസസിന്റെ 10-ാമത്തെ സെൻസസാണ് ഇപ്പോൾ നടക്കുന്നത്. ഇതിന്റെ ആദ്യഘട്ടജോലികൾ പൂർത്തിയായിട്ടുണ്ട്. 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ കാർഷിക സെൻസസിനായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ കാരണം സമിതിയെ അറിയിക്കണമെന്നും പ്രസ്തുത തുക പൂർണ്ണമായി ചെലവഴിച്ച് സെൻസസ് ജോലികൾ കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും കാർഷിക സെൻസസിനോടനുബന്ധിച്ചുള്ള സർവ്വെ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10) കൊല്ലം ജില്ലയിലെ ചാത്തന്നൂരിലെ 75000 വീടുകളിൽ കേരള ഗ്രാമീൺ ബാങ്കിന്റെ സഹായത്തോടെ കുടുംബശ്രീക്കാരാണ് സർവ്വെ നടത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സർവ്വെ ഫീൽഡ് ലെവലിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കണമെന്നും പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11) രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ വരുന്ന സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സംരംഭങ്ങളെയും സ്ഥാപനങ്ങളെയും കുറിച്ചുള്ള ഔദ്യോഗിക കണക്കെടുപ്പായ സാമ്പത്തിക സെൻസസിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതി രൂപീകരണം നയരൂപീകരണം, വിവിധ മേഖലകളിലെ ഗവേഷണം, തുടങ്ങിയവയ്ക്കായി ഉപയോഗിക്കുന്നു. ഇന്ത്യയിൽ 1977, 1980, 1990, 1998, 2005, 2014 എന്നീ വർഷങ്ങളിലും സാമ്പത്തിക സെൻസസ് നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. <u>എന്നാൽ 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ സാമ്പത്തിക സെൻസസിനായി കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ വളരെക്കുറച്ച് മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ഇതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

12) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കീഴിൽ വരുന്ന മറ്റ് കേന്ദ്രപദ്ധതികളായ ഇ.എ.ആർ.എ.എസ്. (Establishment of an Agency for Reporting Agricultural Statistics) എം.സി.സി.ഡി. (Medical Certification of Cause of Death), ആർ.എം.ഐ.എസ്. (Rationalisation of Minor Irrigation Statistics) ബി.എസ്.എൽ.എൽ.ഡി (Basic Statistics for Local Level Development) ഐ.എസ്.എസ്.പി. (Indian Statistical Strengthening Project) എന്നിവയിൽ <u>ബി.എസ്.എൽ.എൽ.ഡി എന്ന പദ്ധതിക്ക് 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലും ഐ.എസ്.എസ്.പി. പദ്ധതിക്ക് 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലും കേന്ദ്രസഹായമായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതായി കാണുന്നില്ല. ആയതിനുള്ള വിശദീകരണം നൽകണമെന്നും തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## (III) <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u>

13) നീതി ആയോഗിന്റെ 2016 -ലെ സർക്കുലർ പ്രകാരം ആരോഗ്യ വകുപ്പിന്

കീഴിലുള്ള എല്ലാ പദ്ധതികളും 60:40 എന്ന കേന്ദ്ര-സംസ്ഥാന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത്. ആരോഗ്യവകുപ്പിന് കീഴിൽ വരുന്ന ദേശീയാരോഗ്യ ദൗത്യവുമായി ബന്ധപ്പെട്ട് ആകെ 21 പദ്ധതികളാണുള്ളത്. ഇതിൽ എല്ലാ പദ്ധതികളുടെയും 2015-16 സാമ്പത്തിക വർഷം വരെയുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയാരോഗ്യ ദൗത്യത്തിനും മറ്റ് പദ്ധതികൾക്കുമായി ലഭിച്ച കേന്ദ്ര വിഹിതം 275.3 കോടി രൂപയും മുൻകുടിശ്ശിക ഉൾപ്പെടെ സംസ്ഥാന വിഹിതമായി നൽകിയത് 302.8 കോടി രൂപയും ആണ്. ഇതിൽ 2016-17 -ലെ ആകെ ചെലവ് 451.62 കോടി രൂപയാണ്. അതായത് 126.48 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സ്പിൽ ഓവർ ആയ, ടി തുക അടുത്ത വർഷങ്ങളിൽ കൊടുത്തു തീർക്കാൻ കേന്ദ്ര സർക്കാർ അംഗീകാരം നൽകാറുണ്ടെന്നും സാമ്പത്തിക വർഷാവസാനം തുക അനുവദിക്കുന്നതാണ് തുക ചെലവിടാതെ വരാൻ കാരണമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിനായി വർഷാദ്യം തന്നെ തുക ലഭ്യമാക്കുന്നതിനും യഥാസമയം ചെലവഴിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ആകെ 20 പദ്ധതികളാണുള്ളത്. മലബാർ ക്യാൻസർ സെന്ററിന് 2013-14 -ൽ 500 ലക്ഷം രൂപയും 2014-15 -ൽ 400 ലക്ഷം രൂപയും 2015-16 -ൽ 500 ലക്ഷം രൂപയും ലഭിച്ചതിൽ 2013-14, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചുവെങ്കിലും 2014-15 സാമ്പത്തിക വർഷം ലഭിച്ച 400 ലക്ഷം രൂപയിൽ 357.95 ലക്ഷം രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ കാരണം സമിതിയെ അറിയിക്കണമെന്നും ഭാവിയിൽ ഇത്തരത്തിൽ തുക വിനിയോഗിക്കാതെ വരുന്നത് ഒഴിവാക്കുവാനായി നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ പി.എം.എസ്.എസ്.വൈ സർക്കാർ മെഡിക്കൽ കോളേജുകൾക്കായി 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ

സംസ്ഥാന വിഹിതമായി അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്തതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15) കെ.എസ്.ടി.പി. യുടെ പ്രൊപ്പോസൽ അനുസരിച്ച് റോഡപകടങ്ങളിൽ പ്പെടുന്ന ആൾക്കാരെ ശുശ്രൂഷിക്കുന്നതിനായി രൂപീകരിച്ച പദ്ധതി പ്രകാരം അപകടസ്ഥലത്തിന്റെ നിശ്ചിത ദൂരപരിധിയിൽ ആംബുലൻസ് പാർക്ക് ചെയ്യുന്നതിനും കോൾ സെന്റർ, സ്റ്റെബിലൈസേഷൻ സെന്റർ, ഉയർന്ന ചികിത്സ ലഭിക്കുന്ന സെന്റർ എന്നിവ ശരിയായ ദൂരത്തിൽ നിർമ്മിക്കുന്നതിനും സൗകര്യം ഒരുക്കത്തക്ക രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാ പ്രധാന സ്ഥലങ്ങളും അടയാളപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ഓരോ ജില്ലയിലെയും അപകടസാധ്യത കൂടിയ മേഖലകൾ, ആംബുലൻസ്, അടിയന്തര ചികിത്സാരീതി, ആശുപത്രി സൗകര്യം എന്നിവ ഉൾപ്പെടുന്നതാണ് പ്രസ്തുത പ്രോജക്ടെന്നും മനസ്സിലാക്കിയ സമിതിക്ക്, ഒരു ജില്ലാ ആശുപത്രിയിൽ ഒരു ട്രോമാകെയർ യൂണിറ്റ് നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയും മൊത്തം പ്രോജക്ടിന് 160 കോടി രൂപയും ആവശ്യമാണെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ സംസ്ഥാനത്തെ ഒരു ജില്ലയിലെ ഒരു ആശുപത്രിയിലെങ്കിലും മോഡൽ പ്രോജക്ടായി ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16) ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആകെ 14 പദ്ധതികളാണുള്ളത്. ഇതിൽ നാഷണൽപ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ബ്ലൈൻഡ്നെസ്സ്, നാഷണൽ അയഡിൻ ഡെഫിഷ്യൻസി ഡിസ്ഓർഡർ കൺട്രോൾ പ്രോഗ്രാം, നാഷണൽ ടി.ബി. കൺട്രോൾ പ്രോഗ്രാം എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും ഭാവിയിൽ ഇപ്രകാരം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (IV) ഭക്ഷ്യപൊതുവിതരണ വകുപ്പ്

17) ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് 6 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്. ഇതിൽ ഉപഭോക്തൃബോധവൽക്കരണം, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെയും ഫോറങ്ങളുടെയും ശാക്തീകരണം, സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ, പ്രൈസ് മോണിറ്ററിംഗ് സെൽ എന്നിവ 100% കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികളാണ്. അന്നപൂർണ്ണ പദ്ധതിക്ക് 80% ഉം ആദ്യാന്ത കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് 50% ഉം കേന്ദ്രസഹായം ലഭിക്കുന്നു. ഓരോ സാമ്പത്തിക വർഷവും മാർച്ച് മാസം അവസാനമാണ് കേന്ദ്ര പദ്ധതികൾക്കുള്ള തുക റിലീസാകുന്നതെന്നും ടി തുക അടുത്ത വർഷം ചെലവാക്കിയ തുകയിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ മാറ്റം വരുത്തുന്നതിനായി സാമ്പത്തികവർഷാരംഭത്തിൽ തന്നെ തുക നേടിയെടുക്കുന്നതിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം സമയബന്ധിതമായി നേടിയെടുക്കുന്നതിനും ആയത് യഥാവിധി, ചെലവഴിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും സർക്കാരിന്റെ 10.11.2016-ലെ PLG/A3/S/2016/Fin കത്തിലെ നിർദ്ദേശപ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ ചീഫ് അക്കൗണ്ട്സ് ഓഫീസറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറി, ചീഫ് സെക്രട്ടറി തലത്തിലും മുഖ്യമന്ത്രി തലത്തിലും അവലോകന യോഗങ്ങൾ നടത്തുന്നുണ്ടെന്നും പ്രസ്തുത യോഗങ്ങളിൽ പദ്ധതികളുടെ നടത്തിപ്പ് പുരോഗതികൾ വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു.

19) 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്ന് മറ്റൊരു പെൻഷനും ലഭിക്കാത്തവരുമായ ആളുകളെ മാത്രമേ അന്നപൂർണ്ണ

പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളൂ എന്ന മാനദണ്ഡം ഉള്ളതിനാൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 24,000 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഭക്ഷ്യധാന്യത്തിന്റെ വിലയായി 80% തുക കേന്ദ്രവും ഗതാഗത സൗകര്യത്തിനായി 20% തുക സംസ്ഥാനവുമാണ് ചെലവഴിക്കുന്നത്. ടി പദ്ധതിക്കായി 2013-14 മുതൽ 2015-16 വരെ അനുവദിച്ച തുകയിൽ വളരെ കുറച്ച് മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 'മറ്റൊരു പെൻഷനും ലഭിക്കാത്തവർ' എന്ന മാനദണ്ഡം ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20) 50% കേന്ദ്രസഹായം ലഭിക്കുന്നതും 24 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതുമായ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്ക് 12 കോടി രൂപ കേന്ദ്രവിഹിതവും 12 കോടി രൂപ സംസ്ഥാനവിഹിതവുമാണുള്ളത്. ഇതിൽ 11 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചപ്പോൾ 7 കോടി രൂപ മാത്രമാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ടി പദ്ധതിക്കായി 2014-15 മുതൽ 2016-17 വരെയുള്ള കാലയളവിൽ ലഭിച്ച 20 കോടി രൂപയിൽ 17.46 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് സമിതി നിരീക്ഷിച്ചു. സംസ്ഥാന വിഹിതം പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്നും പദ്ധതിക്കനുവദിച്ച തുക പൂർണ്ണമായും ഉപയോഗപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21) റേഷൻ കാർഡുകളിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി എ.പി.എൽ./ബി.പി.എൽ. ലിസ്റ്റുകാരെ തെരഞ്ഞെടുക്കുന്നതിൽ സംഭവിച്ച വീഴ്ച പരിഹരിക്കുന്നതിനുമായി ഹിയറിംഗും അദാലത്തും നടത്തിയാലും പ്രശ്നം പരിഹരിക്കപ്പെടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റേഷനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ച് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണമെന്നും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തി

പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളുടെ പൂർണ്ണവിവരം റേഷൻകടകളിൽ പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22) കുഷ്ഠരോഗാശുപത്രി പോലെയുള്ള സ്ഥാപനങ്ങളെ ബി.പി.എൽ ലിസ്റ്റിൽ നിന്ന് മാറ്റി എ.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയതുമൂലം ടി സ്ഥാപനങ്ങൾക്കുള്ള അരിവിതരണം തടസ്സപ്പെട്ടുവെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടാതെ അനാഥാലയങ്ങൾക്ക് അരി വിതരണം ചെയ്യുന്നതിനായി കേന്ദ്രസർക്കാരിൽ നിന്ന് പ്രതിമാസം 360 ടൺ അരിയാണ് ലഭിക്കേണ്ടിയിരുന്നതെന്നും എന്നാൽ വെറും 250 ടൺ അരി മാത്രമാണ് ലഭിക്കുന്നതെന്നും ഇത് അരി വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുഷ്ഠരോഗാശുപത്രി പോലെയുള്ള സ്ഥാപനങ്ങളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി അരി വിതരണം ചെയ്യുന്ന സംവിധാനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23) സപ്ലൈകോയുടെ ഗോഡൗണുകളിൽ ചോർച്ച നടക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇവയുടെ പ്രവർത്തനം ശരിയായ രീതിയിലാണോയെന്ന് പരിശോധിക്കുന്നതിന് ഒരു വിജിലൻസ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കിയപ്പോൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുള്ളതെന്ന് പരിശോധിച്ച് അടിയന്തര പരിഹാരം കാണണമെന്നും ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരുന്നവർക്ക് അവ ലഭ്യമാകാത്ത അവസ്ഥ വരാൻ പാടില്ലെന്ന് ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24) ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട മിക്ക പദ്ധതികൾക്കും 2013-14 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച

വിശദീകരണം ലഭ്യമാക്കണമെന്നും ഭാവിയിൽ ഇത്തരം അവസ്ഥാ വിശേഷം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## V പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

(a)പട്ടികവർഗ്ഗ വികസന വകുപ്പ്

25)പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നിലവിൽ ആകെ 19 കേന്ദ്ര പദ്ധതികളാണുള്ളത് ഇതിൽ 13 എണ്ണം 100 % കേന്ദ്ര സഹായം ലഭിക്കുന്നതും 6 എണ്ണം 50% കേന്ദ്രസഹായം ലഭിക്കുന്നതുമാണ്. അവ താഴെ പറയും പ്രകാരം തരം തിരിച്ചിരിക്കുന്നു.

### I. കേന്ദ്രാവിഷ്കൃത പദ്ധതികൾ (100% CSS)

1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ
2. 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ
3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം
4. മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം.
5. ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)
6. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം.
7. പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ
8. പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി
9. കിർത്താഡ്സിന് പശ്ചാത്തല സൗകര്യം ഒരുക്കൽ
10. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം
11. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ
12. വനബന്ധു കല്യാൺ യോജന
13. ഹാംലെറ്റ് വികസന പദ്ധതി

II പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ

(50%സംസ്ഥാന വിഹിതം)

1. പട്ടികവർഗ്ഗമേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുകളുടെയും നിർമ്മാണം
2. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം
3. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം
4. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം - റ്റി. എസ്. പി (51% സംസ്ഥാന വിഹിതം)
5. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ
6. പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം.

26) പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന ടി പദ്ധതികളിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത് വിദ്യാഭ്യാസത്തിനാണ്. പോസ്റ്റ് മെട്രിക് കോഴ്സുകൾക്കുള്ള സ്കോളർഷിപ്പിനും സ്റ്റൈപ്പന്റിനും മറ്റുമായി സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ഫണ്ട് ചെലവഴിക്കുകയും തുടർന്ന് റീ ഇമ്പേഴ്സ്മെന്റായി കേന്ദ്ര മന്ത്രാലയത്തിൽ നിന്ന് തിരിച്ചു വാങ്ങുകയുമാണ് ചെയ്യുന്നത്.

27) വളരെയധികം പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് സമഗ്രവികസനം നടപ്പാക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഹാംലറ്റ് വികസന പദ്ധതിയിൽ 2013-14 ൽ 18 ഉം 2014-15 ൽ 25 ഉം 2015-16 ൽ 6 ഉം പട്ടികവർഗ്ഗ സങ്കേതങ്ങളെ ഉൾപ്പെടുത്തുകയും പ്രോജക്ട് ഓഫീസർമാർക്ക് ആകെ 31.27 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഇതിൽ 26.62 കോടി രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിക്കുകയും 17 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിയിലെ ഏതാനു സ്കീമുകൾ നടപ്പാക്കുന്നതിന്റെ ചുമതല പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും എന്നാൽ ടെണ്ടർ ചെയ്തതിനു ശേഷം ടി സ്ഥാപനങ്ങൾ ഓരോ ചെറിയ

കമ്പനികളെ ജോലി ഏൽപ്പിക്കുകയാണെന്നും തൻമൂലം ജോലികൾ ശരിയായി നടക്കുന്നില്ലെന്നും ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുകയാണെന്നും സമിതി മനസ്സിലാക്കുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഒല്ലൂർ മണ്ഡലത്തിലെ പ്രവൃത്തികൾക്കായി 75 ലക്ഷം രൂപ ചെലവഴിച്ചുവെന്നാണ് കെയ്കോ എന്ന കമ്പനി അവകാശപ്പെടുന്നതെങ്കിലും 63 ലക്ഷം രൂപയിൽ കൂടുതൽ ചെലവഴിച്ചിട്ടില്ലെന്നും അവിടത്തെ വീടുകൾ ചോർന്നൊലിക്കുന്ന അവസ്ഥയിലാണെന്നും റോഡുകളുടെ 60% പണികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തരം ജോലികൾ ഏൽപ്പിക്കുന്ന രീതി അവസാനിപ്പിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി ക്രമക്കേട് കണ്ടെത്തിയ പദ്ധതികൾ നിർത്തിവച്ച് തുക തിരികെ ഈടാക്കണമെന്നും കമ്പനികളെ ഒഴിവാക്കി ബെനിഫിഷ്യറി കമ്മിറ്റി മുഖേനയോ കോർപ്പസ് ഫണ്ട് ജില്ലകൾക്ക് നൽകി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിലോ വർക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

28) കിർത്താഡ്സിന്റെ പതിവു പ്രവർത്തനങ്ങളെ പരിശീലനങ്ങൾ, ഗവേഷണം എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് ഒരു പ്രവർത്തന മാനുവൽ തയ്യാറാക്കുക എന്നതും കിർത്താഡ്സിന്റെ ചുമതലയാണ്. എന്നാൽ ജാതിയുടെ സത്യാവസ്ഥ പരിശോധിക്കുന്ന ജോലിയാണ് കിർത്താഡ്സിൽ പ്രധാനമായും നടക്കുന്നതെന്നും വേണ്ടത്ര സ്റ്റാഫിന്റെ അഭാവമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ കിർത്താഡ്സിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്നും ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

29) വനാവകാശ നിയമം അംഗീകരിക്കൽ എന്ന പദ്ധതിക്കായി 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെന്ന് സമിതി കണ്ടെത്തി. കൂടാതെ പ്രീമെട്രിക് സ്കോളർഷിപ്പിനായി 2013-14 സാമ്പത്തിക വർഷങ്ങളിലും ദുർബലരായ ട്രൈബൽ ഗ്രൂപ്പുകളുടെ സംരക്ഷണത്തിനുള്ള പദ്ധതിക്കായി 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും

പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സംരക്ഷണത്തിനുള്ള പദ്ധതിക്കായി 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ നിർമ്മാണത്തിനായി 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും വിവിധോദ്ദേശ്യ ഹോസ്റ്റലിനായി 2013-14, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷന് 2016-17 സാമ്പത്തിക വർഷത്തിലും ഹാംലറ്റ് വികസന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിലും വനബന്ധു കല്യാൺ യോജനയ്ക്കായി 2013-14, 2014-15, 2016-17 സാമ്പത്തിക വർഷങ്ങളിലും തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സമിതിയുടെ മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## (b)പട്ടികജാതി വികസന വകുപ്പ്

30) പട്ടികജാതി വികസനവകുപ്പിന് കീഴിൽ ആകെ 6 കേന്ദ്രാവിഷ്കൃത പദ്ധതികളാണുള്ളത്. ഇതിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ പദ്ധതി, വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, പ്രത്യേക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം എന്നീ പദ്ധതികൾ 100% കേന്ദ്രസഹായം ലഭിക്കുന്നതും അതിക്രമം തടയൽ പദ്ധതി 50% കേന്ദ്ര സഹായം ലഭിക്കുന്നതുമാണ്. ഇതിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി, മുൻവർഷങ്ങളിൽ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടായിരുന്ന തുക നൽകുന്നതിനായി 2016-17-ൽ 4267.2 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും ടി പദ്ധതിക്കായി ടി വർഷം തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിലും വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിനായി 2013-14, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലും അതിക്രമം തടയൽ പദ്ധതിക്കായി

2013-14, 2016-17 വർഷങ്ങളിലും കേന്ദ്ര സഹായം ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31) 2007 മുതൽ 2013 വരെ നടത്തിയ സർവ്വെ പ്രകാരം ആദിവാസികളുടെ കമ്മ്യൂണിറ്റി തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും ഇവരുടെ ക്ഷേമത്തിനാവശ്യമായ ധാരാളം പദ്ധതികൾ നിലവിലുണ്ടെന്നും എന്നാൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലെ വീഴ്ചയും അഴിമതിയും മൂലം ആദിവാസി കോളനികളുടെ നിലവിലെ അവസ്ഥ വളരെ പരിതാപകരമാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ആദിവാസികളെക്കൂടി വിശ്വാസത്തിലെടുത്ത് അവരുടെ പങ്കാളിത്തത്തോടെ അലംഭാവം ഒഴിവാക്കി ആദിവാസികളുടെ സമഗ്രമായ ഉന്നമനത്തിനുള്ള പദ്ധതികൾ അഴിമതി രഹിതമായും ഊർജ്ജിതമായും നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാത്ത അവസ്ഥ നിലവിലുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മൂന്നരലക്ഷം രൂപയുടെ ആനുപാതിക ഗഡുക്കൾ നൽകിക്കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനായി വകുപ്പ് രൂപം നൽകിയിട്ടുള്ള പുതിയ പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന്റെ പ്രോഗ്രസ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VI വ്യവസായ വകുപ്പ്

33) വ്യവസായ വകുപ്പിന് കീഴിൽ വരുന്ന വ്യവസായ വാണിജ്യവകുപ്പിൽ എം. എസ്. ഇ. സി. ഡി. പി., നാഷണൽ ബാംബൂ മിഷൻ എന്നീ രണ്ട് പദ്ധതികളാണുള്ളത്. ഇതിൽ എം. എസ്. ഇ. സി. ഡി. പി. പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ലെന്നും 2016-17 ൽ ലഭിച്ച 4.32 കോടി രൂപയിൽ 2.60 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും നാഷണൽ

<u>ബാംബൂ മിഷൻ പദ്ധതിക്ക് 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ തുക അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ കാരണം വിശദീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

34) വ്യവസായ വകുപ്പിന് കീഴിലുള്ള കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പിൽ ഐ. എച്ച്. ഡി. എസ്., നാഷണൽ ഹാന്റ്ലൂം എക്സ്പോ, റിവൈവൽ റീസ്ട്രക്ച്ചറിംഗ് & റിഫോം പാക്കേജ് എന്നീ പദ്ധതികളാണുള്ളത്. ഇതിൽ ഐ. എച്ച്. ഡി. എസ്. എന്ന പദ്ധതിക്കായി 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുക ചെലവഴിച്ചതായി കാണുന്നില്ല. മാത്രമല്ല ടി പദ്ധതിക്കായി 2016-17 സമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുമില്ല. 2015-16 -ൽ നാഷണൽ ഹാന്റ്ലൂം എക്സ്പോയ്ക്കായി ലഭിച്ച 19 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും യു. സി. സമർപ്പിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ടി പദ്ധതിക്കായി 2016-17 -ൽ തുക അനുവദിച്ചിട്ടുമില്ല. റിവൈവൽ, റീസ്ട്രക്ച്ചറിംഗ് & റിഫോം പാക്കേജ് എന്ന പദ്ധതിക്കായി 2013-14, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ തുക ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. <u>മേൽപ്പറഞ്ഞ വസ്തുതകൾ സംബന്ധിച്ച വിശദീകരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

35) വ്യവസായ വകുപ്പിന് കീഴിലുള്ള കിൻഫ്രയിൽ അസൈഡ്, നാഷണൽ മിഷൻ ഫോർ ഫുഡ് പ്രോസസിംഗ്, ഡിഫൻസ് പാർക്ക് പാലക്കാട്, മെഗാഫുഡ് പാർക്ക് പാലക്കാട് എന്നീ നാല് പദ്ധതികളാണുള്ളത്. പതിനാലാം ധനകാര്യ കമ്മീഷൻ നിലവിൽ വന്നശേഷം അസൈഡ് എന്ന കേന്ദ്ര പദ്ധതി നിർത്തലാക്കിയെന്നും പകരം സംസ്ഥാന സർക്കാർ ഇതേ പേരിൽ പുതിയ പദ്ധതി ആരംഭിച്ചുവെന്നും തുടർന്ന് കേന്ദ്ര സർക്കാർ ടൈസ് എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചുവെന്നും സമിതി മനസ്സിലാക്കുന്നു. അസൈഡ് പദ്ധതിക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിൽ ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തുള്ള 131 കോടി രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്ന ഡിഫൻസ് പാർക്കിനായി 2016 - 17 ൽ കേന്ദ്ര വിഹിതമായ 50 കോടി രൂപയിൽ 15 കോടി രൂപ കിൻഫ്രയ്ക്ക് ലഭിച്ചുവെങ്കിലും ഇതിൽ 4 കോടി രൂപ

മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും പാലക്കാട് കഞ്ചിക്കോട്ടുള്ള മെഗാഫുഡ് പാർക്കിനായി ലഭിച്ച 15 കോടി രൂപയിൽ 6 കോടി രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചിട്ടുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ വിശദീകരണം നൽകണമെന്നും ഈ രണ്ട് പദ്ധതികൾക്കായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ച് യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകിയശേഷം അടുത്ത ഗഡു നേടിയെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36) കെ. എസ്. ഐ. ഡി. സി., ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്ന ഒരു ഭക്ഷ്യസമുദ്രോൽപ്പന്ന സംസ്കരണ പദ്ധതിയാണ് മെഗാഫുഡ് പാർക്ക്. കേന്ദ്ര സഹായത്തോടെ 2018-19 ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിക്കായി വിവിധ ഘട്ടങ്ങളിലായി 50 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ആകെ 129.15 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ടി പദ്ധതിക്കായി 2016-17-ൽ അനുവദിച്ച 15 കോടി രൂപയിൽ 7.42 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തുക പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നും ഇതുവരെ ചെലവഴിച്ച തുകയുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ച് ബാക്കി തുക കൂടി നേടിയെടുക്കണമെന്നും 2018-19 -ൽ തന്നെ ടി പദ്ധതി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിലെ (IGC) വനിതാ ഹോസ്റ്റലിന് 2013-14 ലും 2016-17 -ലും ലഭിച്ച കേന്ദ്ര സഹായം ഉപയോഗിച്ച് ടി ഹോസ്റ്റലിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

37) കേരള കരകൗശല വികസന കോർപ്പറേഷന് ഹാന്റി ക്രാഫ്റ്റ്സ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. ഇതിൽ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് & പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് എന്ന പദ്ധതിക്കായി 2016-17 ൽ അനുവദിച്ച 9.09 കോടി രൂപയിൽ 1.12 കോടി രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളു. ആയതിന്റെ

കാരണം വ്യക്തമാക്കുന്ന വിശദീകരണം സമിതിക്ക് ലഭ്യമാക്കണമെന്നും ബാക്കി തുക കൂടി ചെലവഴിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38) കേരളത്തിൽ ഏറ്റവും കൂടുതൽ ഖാദി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ ജില്ല ഉൾപ്പെടെയുള്ള മിക്കവാറും ഖാദി സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലായെന്ന് നിരിക്ഷിച്ച സമിതി ഇവിടങ്ങളിലെ വർക്ക് ഷെഡ് നവീകരിക്കുന്നതിനായി യൂണിറ്റ് മാനേജർമാരുമായി ചർച്ച നടത്തി ആവശ്യമായ ഫണ്ട് കണ്ടെത്തി ഒരു പദ്ധതി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ പലതരത്തിൽ സ്വാധീനം ചെലുത്തി വ്യവസായ വകുപ്പിന്റെ ഭൂമി പാട്ടത്തിനെടുത്ത് പലരും ദുരുപയോഗം ചെയ്യുന്നതിനാൽ ബാക്കിയുള്ള ഭൂമി വകുപ്പിന് ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. ആയതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39)സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്ന നടപടി ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം 9 ലക്ഷം മീറ്റർ കൈത്തറി തുണി നെയ്ത്തിലൂടെ 3000 കൈത്തറി യന്ത്രത്തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞുവെന്നും അടുത്ത വർഷം 22 ലക്ഷം മീറ്റർ തുണി നെയ്യുന്നതിനുള്ള ശ്രമത്തിലാണെന്നും ഈ വർഷം 1 മുതൽ 5 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യുതെന്നും അടുത്തവർഷം 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കയർ വകുപ്പിന് കീഴിൽ കയർ ബോർഡ് നടപ്പിലാക്കുന്ന വിപണി വികസന സഹായം എന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി മാത്രമാണ് നിലവിലുള്ളത് ടി പദ്ധതിക്കായി 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ 5 കോടി രൂപ വീതവും 2015-16 സാമ്പത്തിക

വർഷത്തിൽ 8 കോടി രൂപയുമാണ് കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചത്. ഇതിൽ 2015-16 ലെ കേന്ദ്ര വിഹിതം 2016-17 ലാണ് റിലീസ് ചെയ്തത്. 2016-17 ലെ കേന്ദ്ര സഹായം ഇതുവരെ ലഭിച്ചിട്ടില്ല.

40)2014-15 സാമ്പത്തിക വർഷം വരെ സംസ്ഥാനവിഹിതത്തോടൊപ്പം കേന്ദ്ര വിഹിതവും ബജറ്റിൽ വകയിരുത്തുകയും ടി തുക വിനിയോഗിച്ച ശേഷം കയർബോർഡിലേയ്ക്ക് റീ ഇംമ്പേഴ്സ്മെന്റ് ക്ലെയിം സമർപ്പിക്കുകയും തുക സംസ്ഥാന അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയുമായിരുന്നു. എന്നാൽ 2015-16 മുതൽ സംസ്ഥാന വിഹിതം മാത്രം ബഡ്ജറ്റിൽ വകയിരുത്തുകയും, സംസ്ഥാന വിഹിതം വിനിയോഗിച്ച ശേഷം ആനുപാതിക കേന്ദ്ര വിഹിതത്തിനായി കയർ ബോർഡിലേയ്ക്ക് ക്ലെയിം സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. സംസ്ഥാന വിഹിതത്തോടൊപ്പം കേന്ദ്ര വിഹിതവും ബജറ്റിൽ ഉൾപ്പെടുത്താതിരിക്കുന്നത് കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാക്കുന്നതിന് തടസ്സമായി മാറിയിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാന വിഹിതത്തോടൊപ്പം കേന്ദ്ര വിഹിതവും ബജറ്റിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VII ടൂറിസം വകുപ്പ്

41. ടൂറിസം വകുപ്പിന് കീഴിൽ 2013-14 സാമ്പത്തിക വർഷത്തിൽ ആകെ 9 കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടായിരുന്നു. ഇതിൽ കൊച്ചി, ഭൂതത്താൻ കെട്ട്, കോവളം സമുദ്രാ ബീച്ച്, കോവളം ലൈറ്റ് ഹൗസ് ബീച്ച് എന്നിവയുടെ വികസനത്തിനായുള്ള പദ്ധതികൾക്കായി കേന്ദ്രാനുമതി ലഭിച്ച തുകയുടെ അഞ്ചിലൊന്ന് തുക മാത്രമാണ് അനുവദിച്ചുകിട്ടിയതെങ്കിലും ടി തുക ചെലവഴിച്ച ശേഷം യു. സി. സമർപ്പിച്ചിട്ടും തുടർന്ന് തുക ലഭിക്കാത്തതിനാൽ സംസ്ഥാനഫണ്ടിൽ നിന്ന് തുക വിനിയോഗിച്ച് പ്രവൃത്തികൾ ചെയ്തുവരികയാണ്. മൂന്നാർ ഹിൽ, എക്കോ ക്യാമ്പിംഗ് സർക്യൂട്ട് & കാരവൻ പാർക്ക്, കണ്ണൂർ, മറൈൻ വാക്ക്‌വേ, ഫോർട്ട് കൊച്ചി എന്നിവയുടെ വികസനത്തിനുള്ള പദ്ധതികൾക്കായി

കേന്ദ്രാനുമതി ലഭിച്ച തുകയിൽ നാമമാത്രമായ തുക മാത്രമാണ് അനുവദിച്ച് ലഭിച്ചിട്ടുള്ളത്. ടി തുകയ്ക്ക് യു. സി. നൽകിയ ശേഷം ബാക്കി തുകയ്ക്കായി ആവശ്യപ്പെട്ടുവെങ്കിലും തുക ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. മാത്രമല്ല കേന്ദ്ര ടൂറിസം മന്ത്രാലയം കേന്ദ്ര പദ്ധതികളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2013 ന് മുൻപ് ആരംഭിച്ച പദ്ധതികൾ മുഴുവൻ റദ്ദാക്കിയെന്നും പ്രസ്തുത പദ്ധതികൾക്കായി ഇനി ഫണ്ട് അനുവദിക്കില്ലെന്നും അപൂർണ്ണമായി നിൽക്കുന്ന പദ്ധതികൾ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കണമെന്നും ഇതുവരെ ആരംഭിക്കാത്ത പദ്ധതികൾ അവസാനിപ്പിക്കണമെന്നും സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നിലവിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന എല്ലാ പദ്ധതികളും സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42) 2014-15 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പിനായി പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല. 2015-16-ൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട - ഗവി - വാഗമൺ - തേക്കടിയുടെ വികസനത്തിനായി 92.21 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭിക്കുകയും ആദ്യഗഡുവായി ലഭിച്ച 19.84 കോടി രൂപ ഉപയോഗിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും യു. സി. നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യു. സി. നൽകിയ ശേഷം അടുത്ത ഗഡു നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43) 2016-17 സാമ്പത്തിക വർഷത്തിൽ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല - എരുമേലി - പമ്പ - സന്നിധാനം റൂട്ടിന്റെ വികസനത്തിനായി 99.98 കോടി രൂപയുടെ പദ്ധതിക്ക്

അനുമതി ലഭിക്കുകയും ആദ്യഗഡുവായി ലഭിച്ച 19.99 കോടി രൂപയിൽ 19.70 കോടി രൂപ ചെലവഴിച്ച് യു. സി. സമർപ്പിക്കുകയും അടുത്ത ഗഡുവിനായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട മറ്റൊരു സ്പിരിച്വൽ ടൂറിസം സർക്ക്യൂട്ടായ ശ്രീപത്മനാഭ – ആറൻമുള – ശബരിമല വികസനത്തിനായി 92.44 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും ആദ്യഗഡുവായി ലഭിച്ച 18.48 കോടി രൂപയിൽ 17.02 കോടി രൂപയ്ക്ക് യു. സി. സമർപ്പിക്കുകയും അടുത്ത ഗഡുവിനായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതേ സാമ്പത്തിക വർഷത്തിൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 46.14 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയും ആദ്യഗഡുവായി 9.22 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. <u>2016-17 സാമ്പത്തിക വർഷത്തിൽ , സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട ശബരിമല - എരുമേലി - പമ്പ - സന്നിധാനം വികസനം, ശ്രീ. പത്മനാഭ - ആറൻമുള - ശബരിമല വികസനം എന്നീ പദ്ധതികളുടെ അടുത്ത ഗഡു നേടിയെടുത്ത് തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നും പ്രസാദ് സ്കീമിൽ ഉൾപ്പെട്ട ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 2016-17 ൽ ലഭിച്ച തുക ചെലവഴിച്ച് യു. സി. നൽകിയ ശേഷം അടുത്ത ഗഡു നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## VIII ജലവിഭവ വകുപ്പ്

44) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി. സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആവശ്യമായ അളവിൽ സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാനലക്ഷ്യം. ടി പദ്ധതിയിൽ ഉൾപ്പെട്ട 188 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുതൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള

കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ ഗണ്യമായി വെട്ടിക്കുറച്ചിരിക്കുകയാണ്. കൂടാതെ 01.11.2016-ലെ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് 25% -ൽ താഴെ നിർവ്വഹണ പുരോഗതി കൈവരിച്ച പദ്ധതികൾക്ക് തുടർന്ന് കേന്ദ്രസഹായം ലഭിക്കില്ലെന്നും ടി പദ്ധതികൾ സംസ്ഥാന വിഹിതമുപയോഗിച്ച് പൂർത്തിയാക്കണമെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുന്നത്. 25% ൽ താഴെ നിർവ്വഹണ പുരോഗതി രേഖപ്പെടുത്തിയിട്ടുള്ള 84 പദ്ധതികൾക്കായി ഏകദേശം 1011.61 കോടി രൂപയും 90% ൽ കൂടുതൽ വർക്കുള്ള 72 പദ്ധതികൾക്കായി 500 കോടി രൂപയും ആവശ്യമായി വരുമെന്നും ഇതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഇനിയും പണി തുടങ്ങിയിട്ടില്ലാത്ത പദ്ധതികൾ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയിൽ നിന്നും ഭരണാനുമതി ലഭ്യമാക്കി ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

45) ജലവിതരണ പദ്ധതികൾക്ക് എ.എസ്. ലഭിച്ചുകഴിഞ്ഞാൽ നടപ്പിലാക്കുന്നതിന് 3 വർഷത്തെ സമയമാണ് കേന്ദ്രസർക്കാർ നൽകുന്നതെന്നും ഇതിനുള്ളിൽ സ്ഥലം ഏറ്റെടുത്ത് ക്ലിയറൻസ് വാങ്ങുന്നതിലുള്ള കാലതാമസമാണ് പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ ജലവിതരണ പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

46) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ അമൃത്, ജൻറം, യുഡിസ്‌മാറ്റ്, എ.ഡി.ബി. എന്നിവയിലുൾപ്പെട്ട ജലവിതരണ, മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ നിർമ്മാണ ചുമതല കേരള ജല അതോറിറ്റിക്കാണ്. ഇതിൽ അമൃത് പദ്ധതിക്കായി 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച തുകകൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കേരള ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ലെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ടി തുകകൾ അടിയന്തരമായി നേടിയെടുത്ത് തുടർപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47) ജലസേചനവകുപ്പിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ "പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)" 2015 -ലാണ് നിലവിൽ വന്നത്. ടി പദ്ധതി മുഖേന 2015-16ൽ കമാന്റ് ഏരിയ ഡെവലപ്മെന്റ് വർക്കുകൾക്ക് ഫണ്ട് ലഭിച്ചിരുന്നു. മൂവാറ്റുപുഴവാലിജലസേചന പദ്ധതിക്കായി 99 ലക്ഷവും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിക്കായി 45 ലക്ഷവും കല്ലട ജലസേചന പദ്ധതിക്കായി 48.492 ലക്ഷവും ലഭിച്ചിരുന്നു. പഴശ്ശി ജലസേചന പദ്ധതിയുടെ കാഡാവർക്കുകൾ 2014ൽ നിർത്തലാക്കിയതുമൂലം 151.242 ലക്ഷം രൂപ ചെലവാകാതെ അവശേഷിക്കുന്നു. കല്ലട പദ്ധതിക്ക് സ്പൗട്ടുകളുടെ അഭാവം മൂലം കാഡാ വർക്കുകൾ ചെയ്യാൻ സാധിക്കാത്തതിനാൽ 53.495 ലക്ഷം രൂപ ചെലവാകാതെയുണ്ട്. 35 വർഷം മുൻപ് ആരംഭിച്ച കല്ലട പദ്ധതിക്കായി കൃത്യമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കാൻ പോലും വകുപ്പിന് സാധിച്ചിട്ടില്ലെന്നും ധാരാളം പണം ഇതിനായി ചെലവാക്കിയിട്ടും യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നും എവിടെയാണ് പ്രശ്നമെന്ന് കണ്ടെത്താൻ പോലും കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സാങ്കേതിക പ്രശ്നം ചൂണ്ടിക്കാട്ടി ടി പദ്ധതി ഉപേക്ഷിക്കരുതെന്നും ടി പദ്ധതിയുടെ സ്കോപ്പ് റിവൈസ് ചെയ്ത് പ്രോജക്ടായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഫണ്ട് നേടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

48)കുളങ്ങളുടെ നവീകരണത്തിനായി എട്ടു വർഷം മുൻപ് പൈലറ്റ് പ്രോജക്ടായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന ഒരു പദ്ധതി പാലക്കാടും അട്ടൂരും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ നോംസ് പ്രകാരം ആയക്കെട്ട് ഏരിയയിൽ മാത്രമാണ് ഈ വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യേണ്ടത്. ഒരു ഹെക്ടർ ആയക്കെട്ടിന് ഒരു ലക്ഷം രൂപ ലഭിക്കുമെന്നതിനാൽ ടോപ്പോഗ്രാഫി

അനുസരിച്ചുള്ള പ്രോജക്ട് ചെയ്യുവാൻ കഴിയുമായിരുന്നു. എന്നാൽ പരിഷ്കരിച്ച നോംസ് പ്രകാരം റൂറൽ ഏരിയയിലുള്ള കുളങ്ങൾക്ക് 12 1/2 ഏക്കറും ടൗണിൽ 5 ഏക്കറും ജലവിസ്തൃതി വേണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. നോംസ് പാലിക്കാത്ത തിനാൽ മുപ്പതോളം പ്രോജക്ടുകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചില്ല. കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിത അനുപാതം 60:40 ആണ്. 2016-17 ൽ പി. എം. കെ. എസ്. വൈ. യിൽ 117 കോടി രൂപ സംസ്ഥാനത്തിന് നൽകുന്നതിനുള്ള അംഗീകാരം ലഭിക്കുകയും സംസ്ഥാന വിഹിതമായി 24 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും നോംസ് പാലിക്കാത്തതിനാൽ പ്രസ്തുത തുക ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നോംസ് ശരിയായ വിധത്തിൽ പാലിച്ചുകൊണ്ട്, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക ലഭ്യമാക്കണമെന്നും സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾക്കുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുത്ത് അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.

49) ഐ. ഡി. ആർ. ബി. യുടെ കീഴിൽ വരുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ട് 100% ഗ്രാന്റ് ഇൻ എയ്ഡ് ആയ കേന്ദ്ര പദ്ധതിയാണ്. 2016 ഒക്ടോബർ മാസത്തിൽ ആരംഭിച്ച പദ്ധതിക്ക് 42 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആദ്യഗഡുവായി 92.83 ലക്ഷം രൂപ ലഭിച്ചുവെങ്കിലും ഇതുവരെ ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നും ടി തുക അടിയന്തരമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

50) ഐ. ഡി. ആർ. ബി യുടെ കീഴിൽ വരുന്ന പദ്ധതി വിഭാഗം 1 ൽ ഉൾപ്പെടുന്ന കാരാപ്പുഴ പദ്ധതിയുടെ പ്രവൃത്തികൾക്കായി 2014 - 15 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചുവെങ്കിലും തുക ചെലവഴിച്ചിട്ടില്ലെന്നും 2015-16 ൽ 0.3121 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ ടി പ്രോജക്ടിനെ എ. ഐ.

ബി. പി. യുടെ 99 മുൻഗണനാ ജലവിഭവ പദ്ധതികളിൽ ഉൾപ്പെടുത്തുകയും ഡി. പി. ആർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും 560 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ടി പദ്ധതിക്കായി 31.03.2017 വരെ 315.85 കോടി രൂപ ചെലവായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാക്കി തുക യഥാസമയം ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51) ഐ. ഡി. ആർ. ബി. -യ്ക്ക് കീഴിൽ വരുന്ന പദ്ധതി വിഭാഗം II ൽ പമ്പാ ആക്ഷൻ പ്ലാൻ, മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് എന്നീ രണ്ട് പദ്ധതികളാണുള്ളത്. ഇതിൽ മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ടിനായി ഇതുവരെ 424 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതിൽ കേന്ദ്ര വിഹിതമായ 355 കോടി രൂപയിൽ 2008 വരെ കേന്ദ്ര സർക്കാരിൽ നിന്ന് 154 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും അതിനുശേഷം തുക അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടെന്നും " 99 പ്രയോറിറ്റി വർക്ക്സ്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52) 2003-ൽ അനുമതി ലഭിച്ച പമ്പാ ആക്ഷൻ പ്ലാനിന് കേന്ദ്ര വിഹിതമായി അനുവദിച്ച 18 കോടി രൂപയിൽ 7.75 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും സംസ്ഥാന വിഹിതമായി ലഭിച്ച 29 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ദേവസ്വം ബോർഡിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാകാത്തതിനാൽ യു. സി. കൊടുക്കുവാൻ സാധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പ്ലാന്റിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് യു. സി. സമർപ്പിച്ചശേഷം കേന്ദ്ര വിഹിതത്തിന്റെ അടുത്ത ഗഡു നേടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53) ഭൂജലവകുപ്പിൽ 2013-14 മുതൽ 2015-16 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും നിലവിൽ ഇല്ലായിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാന പാദം മുതൽ സമ്പൂർണ്ണ കേന്ദ്ര പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് നീർത്തടാടിസ്ഥാനത്തിൽ സമഗ്ര ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുക., സംസ്ഥാനത്ത് കിണറുകളുടെ കൃത്യമായ വിവര ശേഖരണം തയ്യാറാക്കുക തുടങ്ങിയവ ലക്ഷ്യമിടുന്ന ടി പദ്ധതി 2023 - 24 ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ടി പ്രോജക്ടിനായി കേന്ദ്രജലവിഭവ മന്ത്രാലയം 40 കോടി രൂപയുടെ അനുമതി നൽകുകയും 2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 1.2 കോടി രൂപ അനുവദിക്കുകയും ചെയ്തു. ടി തുക പൂർണ്ണമായി വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54)കുട്ടനാട് പാക്കേജിൽ 4 പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിന്റെ സംസ്ഥാന - കേന്ദ്ര അനുപാതം 2013-14, 2014 - 15 വർഷങ്ങളിൽ 25:75 ഉം 2015-16, 2016-17 വർഷങ്ങളിൽ 50:50 ഉം ആണ്. നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന കെ. ഇ. എൽ.1 എന്ന പദ്ധതിക്കായി 24.7 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും കേന്ദ്ര സർക്കാരിൽ നിന്ന് 9.9 കോടി രൂപ റിലീസ് ചെയ്തുവെന്നും ബാക്കി തുക ലഭിക്കുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 9 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ ഉൾപ്പെടുന്ന കെ. ഇ. എൽ 2 എന്ന രണ്ടാമത്തെ പദ്ധതിക്കായി 118.9 കോടി രൂപയുടെ അനുമതി ലഭിച്ചതിൽ 65.86 കോടി രൂപ ലഭിച്ചുവെന്നും കോട്ടയം, ആലപ്പുഴ ജില്ലകളിലെ 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന കെ. ഇ. എൽ 3 എന്ന മൂന്നാമത്തെ പദ്ധതിക്കായി അനുമതി ലഭിച്ച 106.13 കോടി രൂപയിൽ 31.9 കോടി രൂപ മാത്രമാണ് കേന്ദ്രവിഹിതമായി ലഭിച്ചതെന്നും ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ

വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന കെ. ഇ. എൽ 4 എന്ന നാലാമത്തെ പദ്ധതിക്കായി 70 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചതിൽ 11.25 കോടി രൂപമാത്രമാണ് കേന്ദ്ര വിഹിതമായി ലഭിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ച് യു.സി. സമർപ്പിച്ച ശേഷം അവശേഷിക്കുന്ന കേന്ദ്രവിഹിതം കൂടി നേടിയെടുത്ത് എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## IX കൃഷി വകുപ്പ്

55) കൃഷി വകുപ്പിൽ നിലവിൽ 19 കേന്ദ്രാവിഷ്കൃത പദ്ധതികളാണുള്ളത്. പ്രസ്തുത പദ്ധതികൾക്കുള്ള ഈ വർഷത്തെ സംസ്ഥാന വിഹിതം 390 കോടി രൂപയും കേന്ദ്രവിഹിതം 651 കോടി രൂപയുമാണ്. ഇപ്പോൾ കേന്ദ്ര വിഹിതത്തിനായി കാത്തിരിക്കാതെ സംസ്ഥാന വിഹിതം അനുവദിക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ വർഷത്തെ സംസ്ഥാന വിഹിതം 355 കോടി രൂപയും കേന്ദ്രവിഹിതം 592 കോടി രൂപയുമായിരുന്നു. ഇതിൽ 188 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതെന്നും ആർ. കെ. വി. വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന 15 ഏജൻസികളിൽ നിന്ന് യു. സി. യും പ്രോഗ്രസ് റിപ്പോർട്ടും ലഭിക്കുന്നതിൽ നേരിട്ട കാലതാമസമാണിതിനു കാരണമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എത്രയും പെട്ടെന്ന് യു. സി. സമർപ്പിച്ച് അനുവദിക്കപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56) ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2014 - 15ൽ അനുവദിച്ച 40 കോടി രൂപയിൽ 25 കോടി രൂപയും 2015-16ൽ അനുവദിച്ച 25 കോടി രൂപയിൽ 15.15 കോടി രൂപയും മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്നും 2016-17 ൽ

അനുവദിച്ച 5 കോടി രൂപയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ബാക്കി തുക ഹോർട്ടിക്കൾച്ചർ മിഷന് ലഭിച്ചിട്ടുണ്ടോയെന്നും ആയത് പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോയെന്നും പരിശോധിക്കണമെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് കേന്ദ്രീകരിച്ച് ഒരു റീട്ടെയിൽ പച്ചക്കറി ഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

57) ഗുണമേൻമയുള്ള പശ്ചിമതീര നെടിയ ഇനം തെങ്ങുകളിൽ നിന്ന് വിത്തുതേങ്ങകൾ സംഭരിച്ച് കൃഷിവകുപ്പിന്റെ ഫാമുകളിൽ തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുകയും അതിലൂടെ ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. 50% കേന്ദ്രാവിഷ്കൃതമായ പ്രാദേശിക നാളികേര നഴ്സറികളുടെ സ്ഥാപനം (സിഡിബി) പദ്ധതിക്കായി 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക ഏറെക്കുറെ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

58) പോർട്ടബിൾ ഉൾപ്പെടെയുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ സ്ഥാപനം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലും പരിപാലനത്തിലും പരിശീലനം, ഉപഭോക്താക്കൾക്കുള്ള പരിശീലനക്ലാസ്സുകൾ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ തൊഴിലാളികളുടെ പരിശീലനം എന്നിവ നടപ്പാക്കുവാൻ ലക്ഷ്യമിടുന്ന കേന്ദ്ര ബയോഗ്യാസ്-ജൈവ വള ഉൽപ്പാദന പരിപാടി 100% കേന്ദ്രാവിഷ്കൃതമാണ്. ഒരു റീ ഇമ്പേഴ്സ്മെന്റ് പദ്ധതിയായി ടി പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ തുക ചെലവഴിക്കുന്നതനുസരിച്ച് കേന്ദ്ര സർക്കാർ റീഇമ്പേഴ്സ് ചെയ്യുന്നു. ടി പദ്ധതിക്കായി 20,000 രൂപ മാത്രമാണ് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉള്ളതെന്നും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 45,000 രൂപ വേണ്ടിവരുമെന്നതിനാൽ ഇതിന്റെ സബ്സിഡി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ടി സബ്സിഡി തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. നെല്ല്, പയർ, ചെറുധാന്യങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിനായി പാലക്കാട്, മലപ്പുറം, കൊല്ലം ജില്ലകളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി 60% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതിയിൽ ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളെക്കൂടി ഉൾപ്പെടുത്തുവാൻ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. ടി പദ്ധതിക്കായി 2015-16 ൽ അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. 2016-17 ൽ സംസ്ഥാന സർക്കാർ അനുവദിച്ച 75.51 ലക്ഷം രൂപയിൽ 60.75 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. ബാക്കി തുക കൂടി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്നും അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

60) കൂടാതെ ആധുനിക യന്ത്രവൽക്കരണം ഉൾപ്പെടെ നടപ്പിലാക്കിക്കൊണ്ട് കാർഷിക യൂണിവേഴ്സിറ്റി, ഡോ. ജയകുമാറിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഭക്ഷ്യ സുരക്ഷാ സേനയിൽ മികച്ച പരിശീലനം സിദ്ധിച്ച ഏകദേശം 140 സ്ത്രീപുരുഷൻമാർ ഉണ്ടെന്നും എന്നാൽ ടി സേനയ്ക്ക് വളരെ ചെറിയ ഫണ്ട് മാത്രമേ ഉള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യം പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി കേന്ദ്രപദ്ധതിയുടെ ഭാഗമായി ടി പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61) നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ (SMAE or ആത്മ), ഗുണമേൻമയുള്ള വിത്തുകൾ 50% സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതും 60% കേന്ദ്ര വിഹിതമുള്ള പദ്ധതിയായ സബ്മിഷൻ ഓൺ സീഡ്സ് ആന്റ് പ്ലാന്റിംഗ് മെറ്റീരിയൽ (SMSP) എണ്ണപ്പനയ്ക്കും എണ്ണക്കുരുകൾക്കും വേണ്ടിയുള്ള 60% കേന്ദ്ര വിഹിതമുള്ള കേന്ദ്ര മിഷൻ പദ്ധതി (NMOOP), എല്ലാ കൃഷിയിടങ്ങളിലും വെള്ളമെത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കുന്ന 60%

കേന്ദ്ര വിഹിതമുള്ള പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദ വിവരങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേയ്ക്ക് എത്തുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച് കർഷകരെ ബോധവാൻമാരാക്കണമെന്നും കാർഷിക യൂണിവേഴ്സിറ്റിയുടെ 5 വർഷക്കാലത്തെ പഠനങ്ങൾ സംബന്ധിച്ച 'പാക്കേജ് ഓഫ് പ്രാക്ടീസ് ' എന്ന പുസ്തകത്തിന്റെ മലയാള പതിപ്പ് കൃഷിക്കാർക്ക് വിതരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

62) ജി.പി.എസ്. അധിഷ്ഠിത മണ്ണ് സാമ്പിളുകൾ ശേഖരിച്ച് വിശകലനം നടത്തി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനായി 2014-15 മുതൽ നടപ്പിലാക്കി വരുന്ന 60% കേന്ദ്ര സഹായമുള്ള സോയിൽ ഹെൽത്ത് കാർഡ് പദ്ധതി മുഖേന 14 ജില്ലകളിലും മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. ഒരു സ്ഥലത്തെ മണ്ണിന്റെ സാമ്പിൾ പരിശോധിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ തൊട്ടടുത്തുള്ള 5 കർഷകർക്ക് കൂടി കാർഡ് നൽകുന്നത് ശാസ്ത്രീയമല്ലെന്ന് സമിതി വിലയിരുത്തുന്നു. കേരളത്തിലെ മണ്ണിന്റെ ഘടനയ്ക്ക് അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും സോഫ്റ്റ്‌വെയറുമല്ല സോയിൽ കാർഡ് നൽകുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതെന്നും ആയതിനാൽ സോയിൽ സർവ്വെയുടെയും കൃഷി വകുപ്പിന്റെ കീഴിലുള്ള സോയിൽ ടെസ്റ്റിംഗ് ലാബിന്റെയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് സംഘടിപ്പിച്ച യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും കേരളത്തിന് ഗുണകരമായ രീതിയിലുള്ള കാർഡ് ലഭ്യമാക്കുവാൻ ആവശ്യമായ ഒരു പദ്ധതി തയ്യാറാക്കി കൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് തയ്യാറാക്കി അടിയന്തര തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63) രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (60%), കാർഷിക യന്ത്രവൽക്കരണം (SMAM) (60-100%), വൃഷ്ടിപ്രദേശ വികസനം (RAD) (60%), പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (60%), ദേശീയ ഇ-ഗവേണൻസ് പദ്ധതി

(60%), പ്രധാനമന്ത്രി ഫസൽ ഭീമാ യോജന (PMFBY) (60%), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (60%), നാളീകേര വിള ഇൻഷ്വറൻസ് പദ്ധതി (50%), ജില്ലാതല ഇറിഗേഷൻ പദ്ധതി എന്നീ കേന്ദ്ര പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ഏറെക്കുറെ പൂർണ്ണമായി ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ സമയബന്ധിതമായി നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64) കൃഷി വകുപ്പിന്റെ സബ്സിഡിയോടു കൂടി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ക്ലസ്റ്ററുകൾക്കും അഗ്രോസർവ്വീസ് സെന്ററിനും ആവശ്യമായ ഫണ്ട് ലഭിക്കാത്ത അവസ്ഥയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ എല്ലാ അലോട്ട്മെന്റും വിതരണം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനം റിവ്യൂ നടത്തുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## X മൃഗസംരക്ഷണ വകുപ്പ്

65) മൃഗസംരക്ഷണ വകുപ്പും വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്നിവയും മുഖേനയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. രാഷ്ട്രീയ പശുധൻ വികാസ് യോജന (60:40%) ലൈവ് സ്റ്റോക്ക് സെൻസസ് (100%), ആനിമൽ ഹസ്ബൻഡറി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വെ (50%) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ' രാഷ്ട്രീയ പശുധൻ വികാസ് യോജന 'യ്ക്ക് കീഴിൽ ദേശീയ കന്നുകാലി പരിപാലന പദ്ധതി (NLM), ദേശീയ മൃഗാരോഗ്യവും രോഗ നിയന്ത്രണവും പരിപാടി (LH&DC) എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് 20-ാമത് കന്നുകാലി സെൻസസ് നടത്തുന്നതിനും 19-ാമത് സെൻസസ്

ജോലികളുടെ പൂർത്തീകരണത്തിനുമാണ് ' ലൈവ് സ്റ്റോക്ക് സെൻസസ് എന്ന പദ്ധതിക്ക് കീഴിൽ തുക വകയിരുത്തിയിരിക്കുന്നത്. വിവിധ തരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തി വരുന്ന സംയോജിത സാമ്പിൾ സർവ്വെയാണ് 'ആനിമൽ ഹസ്ബന്ററി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വെ'. ഐ.എ.എസ്.ആർ.ഐ.യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രത്യേക പഠനങ്ങൾ നടത്തുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു.

66) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 2014-15 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ടായിരുന്നു.

(1) ഫുട്ട് ആന്റ് മൗത്ത് ഡിസീസ് കൺട്രോൾ പ്രോഗ്രാം 100% (FMDCP)

(2) നാഷണൽ പ്രോജക്റ്റ് ഓൺ റിന്റർപെസ്റ്റ് സർവൈലിയൻസ് ആന്റ് മോണിറ്ററിംഗ് 100% (NPRSM)

(3) നാഷണൽ അനിമൽ ഡിസീസ് റിപ്പോർട്ടിംഗ് സിസ്റ്റം (100%) (NARDS)

(4) അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസ് 75% (ASCAD)

(5) പ്രൊഫഷണൽ എഫിഷ്യൻസ് ഡെവലപ്മെന്റ് 50% (PED)

(6) എസ്റ്റാബ്ലിഷ്മെന്റ് ആന്റ് സ്ട്രെംങ്തനിംഗ് ഓഫ് വെറ്ററിനറി ഹോസ്പിറ്റൽസ് & ഡിസ്പെൻസറീസ് (ESVHD)(60:40%)

(7) കൺസർവേഷൻ ഓഫ് ത്രെട്ടെൺഡ് ബ്രീഡ്സ് 100%

(8) നാഷണൽ പ്രോജക്റ്റ് ഫോർ ബൊവൈൻ ബ്രീഡിംഗ് ആന്റ് ഡയറി ഡവലപ്മെന്റ് 100% (NPBB)

(9) ലൈവ് സ്റ്റോക്ക് സെൻസസ് 100%

(10) അനിമൽ ഹസ്ബൻഡറി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വെ 50%

67) മേൽപ്പറഞ്ഞ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വകുപ്പിന് കീഴിൽ ലൈവ് സ്റ്റോക്ക് ഹെൽത്ത് & ഡിസീസ് കൺട്രോൾ ലൈവ് സ്റ്റോക്ക് സെൻസസ് 100% (LH&DC) എന്ന ഒരു പദ്ധതി മാത്രമാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത

പദ്ധതിക്കായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

68) 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പിന് കീഴിൽ രാഷ്ട്രീയ പശുധൻ വികാസ് യോജന (RPVY) ലൈവ് സ്റ്റോക്ക് സെൻസസ് 100%, ആനിമൽ ഹസ്ബൻഡറി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വെ 50% എന്നീ 3 പദ്ധതികളാണ് നിലവിലുണ്ടായിരുന്നത്. ഇതിൽ ലൈവ് സ്റ്റോക്ക് സെൻസസ്, ആനിമൽ ഹസ്ബൻഡറി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വെ എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ പശുധൻ വികാസ് യോജനയ്ക്കായി അനുവദിച്ച 566.43 ലക്ഷം രൂപയിൽ 562.43 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിന്റെ കാരണം വിശദമാക്കണമെന്നും തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

69) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (MPI) ക്ക് കീഴിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നിലവിലുള്ള ഹൈടെക് സ്ലോട്ടർ ഹൗസ് ഇടയാർ (അബറ്റയർ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് കീഴിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) നാഷണൽ പ്രോഗ്രാം ഫോർ ബൊവൈൻ ബ്രീഡിംഗ് (എൻ.പി.ബി.ബി.)

(2) നാഷണൽ ഡയറി പ്ലാൻ പ്രോജനി ടെസ്റ്റിംഗ് സ്കീം

(3) നാഷണൽ ഡയറി പ്ലാൻ സ്ട്രെങ്ത്തനിംഗ് സെമൻസ്റ്റേഷൻ, ധോണി.

(4) നാഷണൽ ഡയറി പ്ലാൻ സ്ട്രെങ്ത്തനിംഗ് സെമൻ സ്റ്റേഷൻ, മാട്ടുപ്പെട്ടി.

(5) ആർ.കെ.വി.വൈ ജനറ്റിക് ഇംപ്രൂവ്മെന്റ് ഇൻ കാറ്റിൽ ആന്റ് പിഗ് പോപ്പുലേഷൻ ത്രൂ ഇമ്പോർട്ടഡ് സുപ്പീരിയർ ജേം പ്ലാസം.

(6) നടീഷണൽ സപ്പോർട്ട് ടു ദ പ്രെഗ്നന്റ് ആനിമൽസ് ഇൻ 4 ഡിസ്ട്രിക്ട്സ്.

(7) മോഡണൈസേഷൻ ഓഫ് ഗോട്ട് ബ്രീഡിംഗ് സെന്റർ, ധോണി.

(8) കൺസർവേഷൻ ഓഫ് ത്രെട്ടൺഡ് ബ്രീഡ്സ്, അട്ടപ്പാടി, ബ്ലാക്ക് ഗോട്ട്.

70) മേൽപ്പറഞ്ഞ പദ്ധതികൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

71) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) ഐ.സി.എ.ആർ, പൗൾട്രി.

(2) എ.ഐ.സി.ആർ.പി. പിഗ്

(3) എ.ഐ.സി.ആർ.പി. ഗോട്ട്

(4) എ.ഐ.സി.ആർ.പി. ഫീൽഡ് പ്രോജനി ടെസ്റ്റിംഗ് സ്കീം.

(5) ഐ.സി.എ.ആർ. ഡവലപ്മെന്റ് ഗ്രാന്റ്

(6) ലൈബ്രറി സ്ട്രെങ്തനിംഗ്

(7) നാഷണൽ ടാലന്റ് സ്കോളർഷിപ്പ്.

(8) ഐ.സി.എ.ആർ. സ്റ്റുഡന്റ് റെഡി.

(9) ഐ.സി.എ.ആർ. മെഗാ സീഡ്

72) <u>മേൽപ്പറഞ്ഞ പദ്ധതികളിൽ ഐ.സി.എ.ആർ. ഡവലപ്മെന്റ് ഗ്രാന്റ് എന്ന പദ്ധതിക്ക് 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയും നാഷണൽ ടാലന്റ് സ്കോളർഷിപ്പ് എന്ന പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയും പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനുള്ള വിശദീകരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## XI <u>പരിസ്ഥിതി വകുപ്പ്</u>

73. പരിസ്ഥിതി വകുപ്പിന് കീഴിൽ വരുന്ന 100% കേന്ദ്ര വിഹിതമുള്ള ജല ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനായുള്ള ദേശീയ പദ്ധതി, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ആക്ഷൻ പ്ലാൻ എന്നീ പദ്ധതികൾക്ക് 2013-14, 2014-15 എന്നീ വർഷങ്ങളിലും പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും സംരക്ഷണം എന്ന പദ്ധതിക്ക് 2015-16, 2016-17 എന്നീ വർഷങ്ങളിലും

സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിൽ നിന്ന് റിലീസ് ഓർഡർ ലഭിക്കാത്തതിനാൽ തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ കേന്ദ്ര സർക്കാരിൽ നിന്ന് അടിയന്തരമായ റിലീസ് ഓർഡർ ലഭ്യമാക്കി ടി തുക ചെലവഴിച്ച് മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിജ്ഞാന കേന്ദ്രം (State Climate Change Knowledge Cell) ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാർ 248 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിക്കായി ഒരു വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി 2016-17-ൽ 12.87 ലക്ഷം രൂപ ലഭിച്ചുവെങ്കിലും 0.54 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നും തുക പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

75) ബയോ ഡൈവേഴ്സിറ്റി ബോർഡിന് കേന്ദ്ര പദ്ധതികൾ ഒന്നും നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ഹെറിറ്റേജ് സെന്ററായി പ്രഖ്യാപിക്കുന്നതിനു വേണ്ടി കേരളത്തിലുള്ള ബയോ ഡൈവേഴ്സിറ്റി കേന്ദ്രങ്ങൾ വേഗത്തിൽ ലിസ്റ്റ് ചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

76) ആശുപത്രി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പാലക്കാട് ഒരു ബയോ മെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടെന്നും പല സ്ഥലത്തും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതികളുണ്ടെങ്കിലും സ്ഥലവാസികളുടെ എതിർപ്പ് കാരണം നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണെന്ന് സമിതി വിലയിരുത്തുന്നു.

77)ഓരോ ആശുപത്രിയിലും ഉണ്ടാകുന്ന ബയോ മെഡിക്കൽ വേസ്റ്റിന്റെയും മറ്റ് മാലിന്യങ്ങളുടെയും അളവനുസരിച്ച് എത്ര പ്ലാന്റുകൾ ആവശ്യമുണ്ടെന്ന്

കണക്കാക്കി, പതിനാല് ജില്ലകളിലും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി, ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## XII റവന്യൂ വകുപ്പ്

78) റവന്യൂ വകുപ്പിന് കീഴിൽ NCRMP (National Cyclone Risk Mitigation Project), KSDMA (Kerala State Disaster Management Authority or ആപ്ദാമിത്ര) DILRMP (Digital India Land Records Modernisation) എന്നീ 3 പദ്ധതികളാണുള്ളത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും ലോക ബാങ്കും ചേർന്ന് ആരംഭിച്ച ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ പ്രവർത്തനങ്ങളാണ് NCRMP യിൽ നടത്തുന്നത്. ദുരിതാശ്വാസ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും, സംസ്ഥാന തലത്തിൽ ദുരന്ത പ്രതിരോധ ശേഷിയുള്ള വിവര സംവേദന സാങ്കേതിക വിദ്യ നടപ്പാക്കുന്നതിനും തീരദേശ ജില്ലയിലെ ദുരന്ത സാധ്യത മേഖലയിൽ അധിവസിക്കുന്നവർക്ക് ദുരന്ത പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയിലുള്ളത്. ടി പദ്ധതിക്കായി 2016-17 ൽ അനുവദിച്ച 540 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ലെന്നും ലോക ബാങ്കിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിലുള്ള കാലതാമസമാണിതിനു കാരണമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലോകബാങ്കിൽ നിന്ന് അനുമതി ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79) കോട്ടയം ജില്ലയിൽ വെള്ളപ്പൊക്കമുണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച പരിശീലനം നടത്തുകയെന്നതാണ് ആപ്ദാമിത്ര പദ്ധതിയുടെ ലക്ഷ്യം. ആലപ്പുഴ, തൃശ്ശൂർ തുടങ്ങിയ വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശങ്ങളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും അനുമതി ലഭിച്ചിട്ടില്ലെന്നും 2016-17 സാമ്പത്തിക

വർഷത്തിൽ ടി പദ്ധതിക്കായി 22.70 ലക്ഷം രൂപയുടെ അനുമതി ലഭിച്ചുവെങ്കിലും തുക അനുവദിച്ചു കിട്ടിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആലപ്പുഴ, തൃശ്ശൂർ ജില്ലകളെക്കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടണമെന്നും 2016-17ൽ ടി പദ്ധതിക്കായി അനുമതി ലഭിച്ച തുക നേടിയെടുത്ത് പൂർണ്ണമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

80) സംസ്ഥാനത്തെ വില്ലേജുകളിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് നടപ്പാക്കുന്ന ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ (DILRMP) എന്ന പദ്ധതിക്കായി 2013-14 വരെ ലഭിച്ച മുഴുവൻ തുകയ്ക്കുള്ള യു.സി. നൽകിയിട്ടുണ്ടെന്നും 2016-17ൽ ലഭിച്ച 12.49 കോടി രൂപയിൽ 7.80 കോടി രൂപ ബന്ധപ്പെട്ട ജില്ലകൾക്ക് നൽകിയിട്ടുണ്ടെന്നും റീസർവ്വെയ്ക്കായി 142.05 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുകയ്ക്കായി കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടണമെന്നും പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്നും 2016-17-ൽ ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## XIII മത്സ്യബന്ധന തുറമുഖ വകുപ്പ്

81) ഫിഷറീസ് വകുപ്പിന് കീഴിൽ സമ്പാദ്യ സമാശ്വാസ പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ദേശീയ ഭവന നിർമ്മാണ പദ്ധതി, ഉൾനാടൻ മൽസ്യകൃഷി, നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം, നീലവിപ്ലവ പദ്ധതി എന്നിങ്ങനെ 6 പദ്ധതികളാണുള്ളത്. ഇതിൽ മൽസ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 10.58 കോടി രൂപയിൽ ഒരു കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും 2015-16ൽ 16 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ലെന്നും 2016-17ലും കേന്ദ്രവിഹിതത്തിന് അനുമതി ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടി

വർഷങ്ങളിൽ കുടിശ്ശികയായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82) മൽസ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കായി 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ദേശീയ ഭവനനിർമ്മാണ പദ്ധതിക്കായി 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2 കോടി രൂപയും 3 കോടി രൂപയും അനുമതി ലഭിച്ചുവെങ്കിലും തുക ലഭ്യമായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83) ഉൾനാടൻ മൽസ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുന്ന ഹാച്ചറികളുടെ കാര്യത്തിൽ പ്രതീക്ഷിച്ച ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും കഴിഞ്ഞ വർഷം 3.62 കോടി സങ്കര വിത്തുകൾ ഉൽപ്പാദിപ്പിച്ച സ്ഥാനത്ത് ഈ വർഷം 5 കോടി സങ്കരവിത്തുകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും അടുത്ത രണ്ട് വർഷം കൊണ്ട് 10 കോടി സങ്കരവിത്തുകൾ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്നും ഇതോടുകൂടി ഉൾനാടൻ മൽസ്യകൃഷിക്ക് വേണ്ട മുഴുവൻ വിത്തും ഇവിടത്തെ ഹാച്ചറികളിൽ തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ടി പദ്ധതിക്കായി 2015-16 ൽ അനുവദിച്ച കിട്ടിയ 1.5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2013-14, 2014-15 എന്നീ വർഷങ്ങളിൽ 6 കോടി രൂപക്ക് അനുമതി ലഭിച്ചുവെങ്കിലും തുക അനുവദിച്ച് കിട്ടിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84) നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനായി 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ 20 ലക്ഷം രൂപക്ക് അനുമതി ലഭിച്ചുവെങ്കിലും തുക ലഭ്യമായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക ലഭ്യമാക്കുന്നതിനുള്ള നടപടി

<u>സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

85) മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളെയും നീലവിപ്ലവം എന്ന ഒറ്റ സ്കീമിൽ ഉൾപ്പെടുത്തിയതു മൂലം കേന്ദ്രസഹായം കുറയുകയാണു- ണ്ടായതെന്നും നേരത്തെ 120 കോടി രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 12 കോടി രൂപ മാത്രമാണ് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും <u>വരുംവർഷങ്ങളിലും ടി പദ്ധതിക്കായി അനുമതി ലഭിക്കുന്ന തുക പൂർണ്ണമായി നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

86) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം നേരത്തെ 75% ആയിരുന്നു. കഴിഞ്ഞ വർഷം ഇത് 60:40 ഉം ഈ വർഷം 50:50 ഉം ആണ്. ഹാർബർ വകുപ്പിനായി ഈ വർഷം മൊത്തം അനുവദിച്ച 400 കോടി രൂപയുടെ 20% അതായത് 80 കോടി രൂപ മാത്രമാണ് എല്ലാ സംസ്ഥാനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ വർഷം അനുവദിച്ചത്. കഴിഞ്ഞ 4 വർഷമായി ലഭിച്ച 72 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇനി 76 കോടി രൂപ റിലീസ് ചെയ്യുവാനുണ്ട്. ഇതിൽ 25 കോടി രൂപ റിലീസ് ചെയ്തു തരാൻ ശ്രമിക്കാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

87) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച അർത്തുങ്കൽ മൽസ്യബന്ധന തുറമുഖത്തിന് 4939 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്ര സർക്കാർ 20.11.2012-ൽ നൽകുകയുണ്ടായി. ടി തുറമുഖത്തിന്റെ 30% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പുലിമുട്ടുകളുടെ സിങ്കേജും ബാത്തിമെട്രിയിലുണ്ടായ മാറ്റവും നിമിത്തമുള്ള വ്യതിയാനം ഉൾപ്പെടെയുള്ള 111 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചാൽ 31.12.2018-ന് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടി പദ്ധതിക്കായി 2234.91 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രവിഹിതമായ 1050 ലക്ഷം രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. <u>പദ്ധതി വിഹിതമായി ഇനി മൊത്തം 2654.25 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഇനിയും ലഭിക്കേണ്ടതുണ്ട്. പ്രസ്തുത തുക ലഭ്യമാക്കി</u>

31.12.2018-ന് മുൻപ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

88) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ചേറ്റുവ മൽസ്യബന്ധന തുറമുഖത്തിന് 3024 ലക്ഷം രൂപയുടെ ഭരണാനുമതി 07.04.2010-ൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചു. പുലിമുട്ടുകളുടെ സിങ്കേജ് മൂലവും ബാത്തിമെട്രിയിലുണ്ടായ വ്യതിയാനവും ഉൾപ്പെടെയുള്ള 3468 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 17.06.2014-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 2923.47 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായ 2301 ലക്ഷം രൂപ കേന്ദ്രസർക്കാർ റിലീസ് ചെയ്ത് തന്നിട്ടുണ്ട്. ടി പദ്ധതിക്ക് ഇനി കേന്ദ്രവിഹിതം ലഭിക്കാൻ ബാക്കിയില്ല. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കി തുറമുഖ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

89) 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4 വർഷ നിർമ്മാണ കാലാവധിയോടു കൂടിയാണ് താനൂർ മൽസ്യബന്ധന തുറമുഖത്തിന് 2012-ൽ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത തുറമുഖത്തിന്റെ 85% നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ നീളം വർദ്ധിപ്പിയ്ക്കുന്ന പ്രവൃത്തിക്ക് 9479 ലക്ഷം രൂപയുടെ പുതുക്കിയ പ്രോജക്ട് പ്രൊപ്പോസലും നിർമ്മാണ കാലാവധി ഡിസംബർ 2018 വരെ നീട്ടുന്നതിനുള്ള പ്രൊപ്പോസലും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി 5764 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ കേന്ദ്രവിഹിതമായ 3365.25 ലക്ഷം രൂപയിൽ 1550 ലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. പദ്ധതി വിഹിതമായി മൊത്തം 1815.25 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായിട്ടുണ്ട്. കുടിശ്ശികയായ കേന്ദ്രവിഹിതവും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കി പദ്ധതി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

90) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളയിൽ മൽസ്യബന്ധന തുറമുഖത്തിന് കേന്ദ്രസർക്കാർ 20.11.2012-ൽ 3930.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിന്റെ 90% പണി പൂർത്തിയായിട്ടുണ്ട്. പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തി 8561.71 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി 4026.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കേന്ദ്രവിഹിതമായ 2947.85 ലക്ഷം രൂപയിൽ 1250 ലക്ഷം രൂപയാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. 1697.85 ലക്ഷം രൂപ ഇനിയും കേന്ദ്രസഹായമായി ലഭിക്കാനുണ്ട്. കുടിശ്ശികയായ കേന്ദ്രവിഹിതവും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

91) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി 3545 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ 2005 ൽ ഭരണാനുമതി നൽകി. കോടതി കേസ് മൂലവും സാങ്കേതിക കാരണങ്ങളാലും നിർമ്മാണം നീണ്ടു പോയതിനാൽ 6399 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി കേന്ദ്രസർക്കാർ നൽകുകയുണ്ടായി. ഇതിന്റെ 81% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി നാളിതുവരെ 5573.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മൊത്തം കേന്ദ്രവിഹിതമായ 3199.5 ലക്ഷം രൂപയിൽ 2222.5 ലക്ഷം രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി ഇനിയും 977 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. പ്രസ്തുത തുക കേന്ദ്രസർക്കാരിൽ നിന്ന് നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി തലായ് മൽസ്യബന്ധന തുറമുഖത്തിന് 1925.74 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്രസർക്കാർ 2007-ൽ നൽകുകയുണ്ടായി. പുലിമുട്ട് നിർമ്മിച്ചപ്പോഴുള്ള ബാത്തിമെട്രിയിലെ വ്യതിയാനം

മൂലം അധിക അളവിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയതിന് 3479.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. പദ്ധതിക്കായി 2336.201 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. പദ്ധതിയുടെ 75% പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി തുക കൂടി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

93) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുവത്തൂർ മൽസ്യബന്ധന തുറമുഖത്തിന് കേന്ദ്രസർക്കാർ 15.05.2010-ൽ 2906 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 21.08.2015 ൽ കമ്മീഷൻ ചെയ്ത ടി പദ്ധതിക്കായി ഇതുവരെ 3046.09 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾക്കായി 3351 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രവിഹിതമായി ലഭിക്കേണ്ട 2179.5 ലക്ഷം രൂപയിൽ 1750 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കുടിശ്ശിക തുകയും പുതുക്കിയ ഭരണാനുമതിയും കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാക്കി തുറമുഖനിർമ്മാണം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മൽസ്യബന്ധന തുറമുഖത്തിന് കേന്ദ്രസർക്കാർ 27.04.2013 ൽ 4880 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുലിമുട്ടുകളുടെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി ഇതുവരെ 2556.058 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിക്കുള്ള കേന്ദ്രവിഹിതമായ 3660 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ മാത്രമേ സംസ്ഥാന സർക്കാരിന് റിലീസ് ചെയ്ത് നൽകിയിട്ടുള്ളൂ. ടി പദ്ധതിക്കുള്ള കേന്ദ്രവിഹിത ത്തിന്റെ കുടിശ്ശിക തുക ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്ക ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95) 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മനയ്ക്കടവ് മൽസ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ (ഫിഷ് ലാന്റിംഗ് സെന്റർ) നിർമ്മാണത്തിനായി കേന്ദ്രസർക്കാർ 30.01.2013 ൽ 231 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും

സിവിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തികൾക്കായി 209.70 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്. കേന്ദ്രസർക്കാർ 123.25 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച ടി പദ്ധതിയ്ക്കായി 30.81 ലക്ഷം രൂപ കൂടി കേന്ദ്ര സർക്കാർ റിലീസ് ചെയ്തു നൽകാനുണ്ട്. ടി പദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതാണ്.

96) പൂർത്തീകരിച്ച 9 ഫിഷിംഗ് ഹാർബറുകളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗിനായി 50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 29.4 കോടി രൂപ അംഗീകരിക്കുകയുണ്ടായി. ഇവയിൽ അഴീക്കൽ, മുനമ്പം, തോട്ടപ്പള്ളി, ചോമ്പാൽ, പുതിയാപ്പ, ബേപ്പൂർ എന്നീ മൽസ്യബന്ധന തുറമുഖങ്ങളിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. നീണ്ടകര, കായംകുളം എന്നീ മൽസ്യബന്ധന തുറമുഖങ്ങളുടെ ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ സാങ്കേതിക കാരണങ്ങളാൽ സാവധാനത്തിലാണ്. മാപ്പിളബേ മൽസ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി 40% പൂർത്തീകരിച്ചു. കേന്ദ്ര പദ്ധതി വിഹിതമായി മൊത്തം 1050.47 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്ന് ഇനിയും ലഭിക്കേണ്ടതുണ്ട്.

97) സംസ്ഥാനത്തെ 24 ഹാർബറുകളിൽ 7 എണ്ണം മാത്രമേ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂവെന്നും ബാക്കിയുള്ളവയുടെ 88 ശതമാനത്തോളം ജോലികൾ പൂർത്തിയായിട്ടുണ്ടെന്നും അവിടെ നിക്ഷേപിച്ച കോടിക്കണക്കിന് രൂപ വെറുതെ കിടക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ <u>പ്രസ്തുത ഹാർബറുകളുടെ നിർമ്മാണത്തിന് ഇനി ആവശ്യമുള്ള തുക ഒരു പ്രത്യേക പാക്കേജായി കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## XIV വനം-വന്യജീവി വകുപ്പ്

98) വനം-വന്യജീവി വകുപ്പിന് കീഴിൽ വന്യജീവി ആവാസങ്ങളുടെ സംയോജിത വികസനം, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്, നീലഗിരി ബയോസ്ഫിയർ റിസർവ്വ്, സ്വയംസന്നദ്ധ

പുനരധിവാസ പദ്ധതി (വയനാട്), സംയോജിത വനപരിപാലന പദ്ധതി, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി എന്നിങ്ങനെ 9 പദ്ധതികളാണ് നിലവിലുള്ളത്.

99) വന്യജീവി ആവാസങ്ങളുടെ സംയോജിത വികസനത്തിനായി 2013-14, 2015-16, 2016-17 എന്നീ വർഷങ്ങളിലും പ്രോജക്ട് ടൈഗർ പദ്ധതിക്കായി 2016-17 ലും പ്രോജക്ട് എലിഫന്റ് പദ്ധതിക്കായി 2013-14, 2014-15 എന്നീ വർഷങ്ങളിലും അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് പദ്ധതിക്കായി 2016-17 ലും നീലഗിരി ബയോസ്ഫിയർ റിസർവ്വ് പദ്ധതിക്കായി 2013-14, 2014-15 വർഷങ്ങളിലും സംയോജിത വനപരിപാലന പദ്ധതിക്കായി 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലും വേമ്പനാട് ഭാഗങ്ങളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി 2014-15 ലും ഗ്രീൻഇന്ത്യമിഷൻ പദ്ധതിക്കായി 2016-17 ലും ദേശീയ വനവൽക്കരണ പദ്ധതിക്കായി 2014-15, 2015-16 എന്നീ വർഷങ്ങളിലും അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നും പ്രസ്തുത തുകകൾ പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

100) കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായി, വനവും ചുറ്റുമുള്ള മേഖലകളും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ രൂപം നൽകിയ ഗ്രീൻ ഇന്ത്യാമിഷൻ പദ്ധതിയുടെ 2017-18 വർഷത്തെ കർമ്മപദ്ധതി സമർപ്പിക്കുകയും 16 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ടി പദ്ധതിയുടെ കീഴിൽ വരുന്ന വർക്കുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി വനംവകുപ്പിന്റെ ഭാഗമായ സോഷ്യൽ ഫോറസ്ട്രി വിംഗിനെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കടലിന്റെയും കായലിന്റെയും തോട്ടുകളുടെയും ജൈവ വൈവിദ്ധ്യ സംരക്ഷണം കൂടി ടി പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ വനം വകുപ്പിന് മാത്രമായി ടി പദ്ധതി

നടപ്പിലാക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്നും ആവശ്യമെങ്കിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ ടി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## XV പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

101) വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ മേഖലകളിലെ വികസനം ലക്ഷ്യമിടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ എന്നീ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി മുൻസിപ്പാലിറ്റിയിലുമാണ് നടപ്പിലാക്കുന്നത്. ഇതിൽ വിദ്യാഭ്യാസ ആരോഗ്യ മേഖലയിലെ പദ്ധതികൾക്ക് 75:25 എന്ന തോതിലും കുടിവെള്ള മേഖലയിലെ പദ്ധതികൾക്ക് 50:50 എന്ന തോതിലുമാണ് കേന്ദ്ര-സംസ്ഥാന വിഹിതം അനുവദിച്ചിട്ടുള്ളത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ (2012-17) , ടി പദ്ധതി പ്രകാരം വിവിധ പ്രോജക്ടുകളിലായി കേന്ദ്ര സംസ്ഥാന വിഹിതമായി 5282.52 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും 4395.48 ലക്ഷം രൂപ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത് എന്നും സംസ്ഥാന വിഹിതം പൂർണ്ണമായി അനുവദിച്ചുവെങ്കിലും കേന്ദ്ര വിഹിതമായ 858.49 ലക്ഷം രൂപ ഇനിയും ലഭിക്കുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ടി തുക നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102) ന്യൂനപക്ഷക്ഷേമം ചെറിയ ഫണ്ടും കുറച്ച് സ്റ്റാഫും മാത്രമുള്ള ചെറിയ വകുപ്പാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ എം.എസ്.ഡി.പി. പദ്ധതി വയനാട് ജില്ലയിലെ 4 താലൂക്കുകളിലും പൊന്നാനി മുൻസിപ്പാലിറ്റിയിലും മാത്രമായി പരിമിതപ്പെടുത്തേണ്ട പദ്ധതിയല്ലെന്നും ന്യൂനപക്ഷ വിഭാഗങ്ങൾ വൻതോതിൽ അധിവസിക്കുന്ന മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൂടി ടി പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ള മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൂടി ടി പദ്ധതി വ്യാപിപ്പിച്ച് വികസനം ഉറപ്പു വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വകുപ്പ്

സമിതിക്ക് ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## XVI തദ്ദേശ സ്വയംഭരണ വകുപ്പ്

103) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നഗരകാര്യ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, ശുചിത്വമിഷൻ എന്നീ വകുപ്പുകൾ/ഏജൻസികൾ മുഖാന്തിരമാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. നഗരകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന നോഡൽ ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുകകൾ വിവിധ നഗരസഭകൾക്ക് പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ നോഡൽ ഏജൻസികൾ മുഖേന നൽകിയിട്ടുണ്ട്. നഗരസഭകൾ നൽകുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നോഡൽ ഏജൻസികൾ കേന്ദ്രസർക്കാരിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നേരിട്ട് ലഭ്യമാക്കി വരുന്നു. എന്നാൽ പ്രോജക്ട് പൂർത്തീകരണം എല്ലാ നഗരസഭകളിലും നടന്നിട്ടില്ലാത്തതിനാൽ ഒരു പദ്ധതിക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പട്ടികയിൽ നഗരസഭാ കൗൺസിൽ വ്യത്യാസം വരുത്തുന്നതിനാലും പൊതുജനങ്ങളുടെ എതിർപ്പും കോൺട്രാക്ടർമാർ പദ്ധതിയിൽ നിന്ന് പിൻമാറുന്നതു മൂലവുമാണ് നഗരകാര്യ വകുപ്പിന് സമയബന്ധിതമായി തുക ചെലവഴിക്കാനും പദ്ധതികൾ നിശ്ചിത സമയത്ത് നടപ്പിലാക്കാനും കഴിയാതെ പോകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല, നഗരസഭാ പദ്ധതികളെ അടിസ്ഥാനമാക്കിയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ തയ്യാറാക്കുന്നത് എന്നതിനാൽ പഞ്ചായത്തുകളിലും ഗ്രാമസഭകളിലും ഗുണഭോക്താക്കൾക്ക് വീട് നൽകാൻ തീരുമാനിച്ചു കഴിഞ്ഞാൽ പഞ്ചായത്ത് കമ്മിറ്റിക്ക് മറ്റൊരു തീരുമാനം എടുക്കാൻ കഴിയില്ലെന്നുള്ള കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകണമെന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾക്ക് അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലഴിച്ച് പദ്ധതികൾ പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

104) നഗരകാര്യ വകുപ്പിന് കീഴിലുള്ള പദ്ധതികളിൽ സംയോജിത ഭവന ചേരി വികസന പദ്ധതിയ്ക്കായി (IHSDP) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലും രാജീവ് ആവാസ് യോജന (RAY) പദ്ധതിക്കായി 2015-16 ലും ചെലവു കുറഞ്ഞ സമഗ്ര ശുചിത്വ പരിപാടിയ്ക്കായി (ILCS) 2013-14 ലും നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP) എന്ന പദ്ധതിക്കായി 2015-16 ലും സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY) പദ്ധതിയ്ക്ക് 2014-15 ലും സ്വച്ഛ് ഭാരത് മിഷൻ പദ്ധതിക്കായി 2015-16, 2016-17 വർഷങ്ങളിലും പ്രധാനമന്ത്രി ആവാസ് യോജന (PMAY) പദ്ധതിക്കായി 2016-17 ലും റിലീസ് ചെയ്ത തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്നും പദ്ധതികൾക്കായി റിലീസ് ചെയ്തു ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

105) പഞ്ചായത്ത് വകുപ്പിന് കീഴിൽ NSAP (National Social Assistance Scheme), RGSA (Rashtriya Grama Swaraj Abhiyan) എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണുള്ളത്. ഇതിൽ NSAP പദ്ധതി 2013-14, 2014-15 വർഷങ്ങളിൽ സാമൂഹ്യനീതി, ലാന്റ് റവന്യൂ എന്നീ വകുപ്പുകളിലൂടെയാണ് നടപ്പിലാക്കിയിരുന്നത്. 2015-16 മുതൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ DBT Cell വഴിയാണ് നടപ്പാക്കി വരുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ പ്രോജക്ടുകൾക്കായി 2015-16, 2016-17 വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്തുകളുടെ ഭരണപരമായ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച RGSA പദ്ധതിക്കായി 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നും ടി പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

106) ഗ്രാമ വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ), (PMAY-G), പ്രധാനമന്ത്രി ഗ്രാമസഡക് യോജന (PMGSY), സ്വച്ഛ് ഭാരത് മിഷൻ, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ, നാഷണൽ റർബൻ മിഷൻ, കില സെന്റർ ഫോർ ഹ്യൂമൻ ഡവലപ്മെന്റ് എന്നിവയാണ്. ഇവയിൽ പി.എം.ജി.എസ്.വൈ, ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ, കില സെന്റർ ഫോർ ഹ്യൂമൻ ഡവലപ്മെന്റ് എന്നിവയുടെ 2016-17 വരെയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ എന്നീ പദ്ധതികളുടെ 2015-16 വരെയുള്ള യു.സിയും 2016-17 ലെ പ്രൊവിഷണൽ യു.സിയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പി.എം.എ.വൈ.(ജി) പദ്ധതിയുടെ 2016-17 ലെ രണ്ടാം ഗഡു കേന്ദ്ര വിഹിതം കിട്ടുന്നതിനുള്ള യു.സിയും പ്രൊപ്പോസലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

107)പി.എം.എ.വൈ.(ജി) പദ്ധതിക്കായി കഴിഞ്ഞ വർഷം വരെ ഗ്രാമപഞ്ചായത്തുകൾ, ഗ്രാമസഭകൾ കൂടി ബി.പി.എൽ. ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ ടി പദ്ധതിയുടെ പുതുക്കിയ മാനദണ്ഡമനുസരിച്ച് 2016-17 മുതൽ സോഷ്യോ എക്കണോമിക് സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും സ്വന്തമായി ഭൂമിയുള്ളവർക്ക് മാത്രമേ പി.എം.എ.വൈ പദ്ധതി പ്രകാരം വീട് നൽകാൻ കഴിയൂ എന്നതിനാൽ അർഹരായ ആളുകൾ കുറവാണെന്നും ടി പദ്ധതിയുടെ 2016-17 ലെ ഭൗതിക ലക്ഷ്യം 32,589 വീടുകൾ ആയിരുന്നുവെങ്കിലും 12,900 കുടുംബങ്ങളുമായി മാത്രമേ എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചിട്ടുള്ളൂവെന്നും ജനറൽ വിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് മൂന്നര ലക്ഷം രൂപയുമാണ് കൊടുക്കുന്നത്. എന്നാൽ ലൈഫ് പദ്ധതിയിൽ ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ വരെ ലഭിക്കുമെന്ന പ്രചാരണം വന്നതിനാൽ പി.എം.എ.വൈ. പദ്ധതിയിൽ ഈ വർഷം എഗ്രിമെന്റ് വയ്ക്കാൻ ആളുകൾ വരാത്ത സ്ഥിതിയാണെന്നും സമിതി മനസ്സിലാക്കുന്നു.

<u>ആയതിനാൽ പി.എം.എ.വൈ.(ജി) പദ്ധതി ലൈഫ് പദ്ധതിയുമായി ലയിപ്പിച്ച് അർഹരായവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

108) സംസ്ഥാന ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണുള്ളത്. 2014 ഒക്ടോബർ 2 മുതൽ ആരംഭിച്ച് 2019 ഒക്ടോബർ 2 ന് മുൻപ് രാജ്യത്തെ എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ശൗചാലയം ലഭ്യമാക്കിക്കൊണ്ട് വെളിയിട വിസർജ്ജന വിമുക്തമായ ഭാരതം എന്ന ലക്ഷ്യം മുൻനിർത്തിയാണ് ടി പദ്ധതി ആവിഷ്കരിച്ചത്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളെ 2016 നവംബർ 1 ന് വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നഗര പ്രദേശങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി പദ്ധതികളുടെ 2015-16 വരെയുള്ള ധനവിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 2016-17 സാമ്പത്തിക വർഷത്തിലെ ഇടക്കാല ധനവിനിയോഗ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ട്.

## <u>XVII സാമൂഹ്യനീതി വകുപ്പ്</u>

109) സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംയോജിത ശിശു വികസന പദ്ധതി (ICDS), ICDS ട്രെയിനിംഗ്, സബല, മെറ്റേണിറ്റി ബെനിഫിറ്റ് പ്രോഗ്രാം, അങ്കണവാടി കെട്ടിട നിർമ്മാണം, ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി, അനുപൂരക പോഷകാഹാര പദ്ധതി, നിർഭയ പദ്ധതി, സംയോജിത ശിശു സംരക്ഷണ പദ്ധതി, സ്വാധാർ ഗ്രഹ്, ഉജ്ജ്വല എന്നീ പദ്ധതികളാണ് നിലവിലുള്ളത്. രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞു വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പെയ്നായി ഉയർത്തിക്കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ

നടപ്പിലാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ. പ്രസ്തുത പദ്ധതി കേരളത്തിൽ സ്ത്രീ പുരുഷാനുപാതം കുറവുള്ള തൃശ്ശൂർ ജില്ലയിൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളതെന്നും ഇതിനു ശേഷം സ്ത്രീ പുരുഷാനുപാതം ഏകദേശം ഒരു ശതമാനത്തിനടുത്ത് ബാലൻസിംഗ് ആയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം ഏറെക്കുറെ സ്റ്റാറ്റിക് ആയതിനാലും സ്ത്രീ പുരുഷാനുപാതം ഏറെ കുറവുള്ള ഉത്തരേന്ത്യൻ ജില്ലകൾ ഉള്ളതിനാലും കേരളത്തെ ടി പദ്ധതിയിൽ അധികമായി ഉൾപ്പെടുത്താറില്ലെന്നും അടുത്ത വർഷത്തെ ആക്ഷൻ പ്ലാനിൽ 13 ജില്ലകളിലേയ്ക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ നേടിയെടുത്ത് മറ്റുള്ള ജില്ലകളിൽക്കൂടി ടി പദ്ധതി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

110) ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾക്ക് വിധേയരാകുന്ന കുട്ടികൾക്കും സ്ത്രീകൾക്കും ഒരു കുടക്കീഴിൽ സൗജന്യ വൈദ്യസഹായം, നിയമസഹായം, സൈക്കോളജിക്കൽ കൗൺസലിംഗ്, ഷോർട്ട് സ്റ്റേ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുകയാണ് നിർഭയ പദ്ധതിയുടെ ഉദ്ദേശ്യം. നിർഭയ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് തിരുവനന്തപുരത്ത് One Stop Centre ആരംഭിക്കുകയും യു.സി. നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 ൽ 4 ജില്ലകളിൽ കൂടി സെന്റർ സ്ഥാപിക്കുന്നതിനുള്ള അനുമതിയും ഫണ്ടും ലഭിക്കുകയും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും ഇതിൽ 3 ജില്ലകളിലെ സെന്ററുകളുടെ നിർമ്മാണം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി 9 ജില്ലകളിൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെന്നും ആയത് അനുവദിക്കാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും എന്നാൽ 2016-17 ൽ ടി പദ്ധതിക്കായി ലഭിച്ച തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്കായി 2016-17 ൽ കേന്ദ്ര വിഹിതമായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ച് യു.സി. സമർപ്പിച്ച ശേഷം അടുത്ത ഗഡു നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

111) തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ-പ്രസവ കാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ചെറിയ ഒരു പരിധി വരെ പരിഹരിക്കുന്നതിനും ടി കാലയളവിൽ അമ്മയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് മെറ്റേണിറ്റി ബെനിഫിറ്റ് പ്രോഗ്രാം. 19 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ സജീവ ജനനത്തിന് 5000 രൂപ ആനുകൂല്യമായി ലഭിക്കുന്നു. ടി തുക തുലോം കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത തുക 10,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

112) ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, പുനരധിവസിപ്പിക്കുക, അവരുടെ സ്വന്തം സ്ഥലത്തേക്ക് തിരിച്ചു കൊണ്ടു വരിക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ടു കൊണ്ട് 2016-17 ൽ ആരംഭിച്ച ഉജ്ജ്വല പദ്ധതി മുഖേന 14 ജില്ലകളിലും ഷോർട്ട് സ്റ്റേ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. ടി പദ്ധതിക്കായി നിർഭയ പദ്ധതി മുഖേനയും ഫണ്ട് ലഭിക്കുന്നുണ്ടെന്നും ലൈംഗിക ചൂഷണത്തിന് ഇരയായവരെ ഇത്തരം ഹോമുകളിൽ കൊണ്ടു വന്ന് താമസിപ്പിച്ച് ഭക്ഷണം, ചികിത്സ, വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ നൽകി ഏതെങ്കിലും സ്ഥാപനത്തിൽ ജോലി തരപ്പെടുത്തി കൊടുക്കുകയും അവർ ആഗ്രഹിക്കുന്ന പക്ഷം വീട്ടുകാരുടെ സംരക്ഷണയിലേക്ക് തിരികെ എത്തിക്കുകയും ചെയ്യുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2016-17 ൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിന്റെ കാരണമെന്താണെന്ന് സമിതിയെ അറിയിക്കണമെന്നും ടി തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

113) 11 മുതൽ 18 വയസ്സ് വരെ പ്രായമുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണത്തിനായി 2010-11 സാമ്പത്തിക വർഷം മുതൽ മലപ്പുറം, പാലക്കാട്, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന സബല പദ്ധതി വഴി ഇവർക്ക് അനുപൂരക പോഷകാഹാരം, ആരോഗ്യ പരിശോധന,

ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നിവ നൽകുന്നതിനു പുറമേ ദിവസേന 600 കലോറിയും 18-20 പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ മാസത്തിൽ 2 പ്രാവശ്യമായി 25 ദിവസം നൽകുകയും ചെയ്യുന്നു. ബാക്കിയുള്ള 10 ജില്ലകളിൽക്കൂടി സബല പദ്ധതി നടപ്പിലാക്കുന്നതിനുള്ള അംഗീകാരം കേന്ദ്രസർക്കാരിൽ നിന്ന് നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

114) 13 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസിക വളർച്ച ലക്ഷ്യമിടുന്ന കിഷോരി ശക്തി യോജന പദ്ധതിയിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം, ആരോഗ്യ പോഷണ ദിനാചരണമുൾപ്പെടെയുള്ള ഹെൽത്ത് ക്ലിനിക് പ്രവർത്തനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. 2015-16 മുതൽ കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതിനെത്തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ടി പദ്ധതിക്കായി 2014-15ൽ കേന്ദ്രവിഹിതമായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

115) ഐ.സി.ഡി.എസ്.(ജനറൽ) പദ്ധതിക്ക് 2013-14 ലും സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് 2015-16, 2016-17 എന്നീ വർഷങ്ങളിലും സ്വാധാർ ഗ്രഹ് പദ്ധതിക്ക് 2016-17 ലും ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നും പ്രസ്തുത തുക പൂർണ്ണമായി ചെലവഴിച്ച് മേൽപ്പറഞ്ഞ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## XVIII ഉന്നത വിദ്യാഭ്യാസ വകുപ്പ്

### (i) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

116) സാങ്കേതിക വിദ്യാഭ്യസ വകുപ്പിന് കീഴിൽ സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (TEQIP) , വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ

വിദ്യാഭ്യാസ കമ്മീഷനുള്ള കണക്ടിവിറ്റി(NMEICT), പോളിടെക്നിക്കുകൾക്കായുള്ള പദ്ധതികൾ, ന്യൂനപക്ഷ വിഭാഗക്കാർക്കുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് (MCM) എന്നീ 4 കേന്ദ്രാവിഷ്കൃത പദ്ധതികളാണുള്ളത്.

117) എഞ്ചിനീയറിംഗ് കോളേജുകളുടെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി ലോകബാങ്കിന്റെ സഹായത്തോടെ 2010-ൽ ആരംഭിച്ച സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മാ വർദ്ധന പരിപാടി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ ഫലപ്രദമായി നടപ്പിലാക്കിയെങ്കിലും അക്കാഡമിക് ഓട്ടോണമി ഇല്ലെന്ന കാരണത്താൽ, ഇതിന്റെ മൂന്നാം ഘട്ടത്തിലേക്ക് കുസാറ്റ് എഞ്ചിനീയറിംഗ് കോളേജിനെ മാത്രമാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച മൊത്തം തുകയുടെ 50% പോലും ചെലവഴിച്ചതായി കാണുന്നില്ല. ആയതിന്റെ വിശദീകരണം സമിതിയ്ക്ക് ലഭ്യമാക്കണമെന്നും ടി തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

118) എല്ലാ ഉന്നതപഠന കേന്ദ്രങ്ങളുമായി ശക്തമായ വിവരസാങ്കേതിക ബന്ധം സ്ഥാപിച്ച് രാജ്യത്തെ വിദഗ്ദ്ധരുമായി പഠനങ്ങൾ പങ്കു വയ്ക്കുന്നതിന് വിഭാവനം ചെയ്യുന്ന NMEICT പദ്ധതിയ്ക്കായി 2015-16, 2016-17, എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയിൽ നാമമാത്രമായ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

119) പോളിടെക്നിക്കുകൾക്കായുള്ള പദ്ധതികൾ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് വനിതാ ഹോസ്റ്റൽ നിർമ്മാണം, പോളീടെക്നിക്കുകളുടെ അപ്ഗ്രഡേഷൻ, കമ്മ്യൂണിറ്റി കോളേജ് പദ്ധതി, പോളിടെക്നിക്കുകൾ മുഖേന നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി വികസനം എന്നീ നാല് ഘടകങ്ങളാണുള്ളത്. ടി പദ്ധതിക്കായി 2013-14 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

120) ന്യൂനപക്ഷമതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നേരിട്ട് അവരുടെ അക്കൗണ്ടിലൂടെ തുക നൽകുന്ന 100% കേന്ദ്രവിഹിതമുള്ള മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് പദ്ധതി (MCM) 2013-14 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതി വഴി 2013-14-ൽ 582 വിദ്യാർത്ഥികൾക്കും 2014-15-ൽ 1158 വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ചുവെങ്കിലും ഇതുവരെ തുക വിതരണം ചെയ്തിട്ടില്ല. 2015-16-ൽ 4315 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 2016-17-ൽ 32000 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചുവെങ്കിലും 4193 പേർക്ക് മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത വർഷങ്ങളിൽ സ്കോളർഷിപ്പിന് അപേക്ഷ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും ആയത് അനുവദിച്ച് നൽകുന്നതിനും വരും വർഷങ്ങളിൽ അർഹരായ എല്ലാ അപേക്ഷകർക്കും സ്കോളർഷിപ്പ് തുക സമയബന്ധിതമായി അനുവദിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

121) മാത്രമല്ല കേരളത്തിൽ സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലും അപേക്ഷിക്കാനുള്ള വരുമാന പരിധി 2.5 ലക്ഷം രൂപയുമാണ്. ഇത് 3.5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു വിദ്യാർത്ഥിക്ക് ഹോസ്റ്റൽ ഫീസും ചേർത്ത് 30,000 രൂപയാണ് നൽകുന്നതെങ്കിലും ആയത് ലഭിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഗുജറാത്ത്, ഉത്തർപ്രദേശ് തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ടി പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നവരിൽ മുഴുവൻ പേർക്കും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ, ഇല്ലെങ്കിൽ എത്ര പേർക്ക് ലഭിക്കുന്നുണ്ട്, ഓരോ വർഷവും അനുവദിക്കുന്ന തുക എത്രയാണ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഒരു താരതമ്യ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയോ അല്ലെങ്കിൽ കേന്ദ്രഫണ്ട്

കഴിച്ചുള്ള തുക സംസ്ഥാന സർക്കാർ നൽകുകയോ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

122) 2016-17 മുതൽ കേന്ദ്രവിഹിതത്തിൽ മാറ്റം വന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | 2015-16 വരെ | 2016-17 മുതൽ |
|---|---|---|
| സാങ്കേതിക വിദ്യാഭ്യാസ ഗുണമേൻമ വർദ്ധന പരിപാടി (TEQIP) | 75% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| വിവരസാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുള്ള കണക്ടിവിറ്റി (NMEICT) | 75% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തൽ (i) | 100% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| വനിതാ ഹോസ്റ്റൽ നിർമ്മാണം (PWD ഹെഡ് ഓഫ് അക്കൗണ്ട്)(ii) | 100% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| കമ്മ്യൂണിറ്റി കോളേജ് പദ്ധതി (iii) | 100% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| പോളിടെക്നിക്കുകൾ മുഖേന നടപ്പിലാക്കുന്ന സാമൂഹ്യ വികസനം (CDTP) (iv) | 100% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| ന്യൂനപക്ഷ വിഭാഗക്കാർക്കുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് (MCM) | 100% കേന്ദ്രവിഹിതം | 50% കേന്ദ്രവിഹിതം |
| GATE സ്കോളർഷിപ്പ് - ജി.ഇ.സി തൃശ്ശൂർ | 100% കേന്ദ്രവിഹിതം | DBT mode (Direct Benefit Transfer) |
| GATE സ്കോളർഷിപ്പ് - ജി.ഇ.സി കണ്ണൂർ | 100% കേന്ദ്രവിഹിതം | DBT mode |
| GATE സ്കോളർഷിപ്പ് - മറ്റ് എഞ്ചിനീയറിംഗ് കോളേജുകൾ | 100% കേന്ദ്രവിഹിതം | DBT mode |

| | | |
|---|---|---|
| GATE സ്കോളർഷിപ്പ് - സി.ഇ.റ്റി, തിരുവനന്തപുരം. | 100% കേന്ദ്രവിഹിതം | DBT mode |
| GATE സ്കോളർഷിപ്പ് - ആർ.ഐ.റ്റി, കോട്ടയം | 100% കേന്ദ്രവിഹിതം | DBT mode |

## (ii) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

123) തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ നവീകരണത്തിനും ലൈബ്രറി ആധുനികവൽക്കരിക്കുന്നതിനുമായി 1,16,60,882 രൂപ കേന്ദ്ര സർക്കാരിന്റെ സംസ്കാരിക മന്ത്രാലയത്തിനു കീഴിലുള്ള രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന്റെ 'നാഷണൽ മിഷൻ ഓൺ ലൈബ്രറീസ്' എന്ന സ്കീമിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 87.46 ലക്ഷം രൂപ (75%) കേന്ദ്രവിഹിതവും 29.15 ലക്ഷം രൂപ (25%) സംസ്ഥാന സർക്കാർ വിഹിതവുമാണ്. സംസ്ഥാന വിഹിതം രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ കേന്ദ്രവിഹിതം ലഭ്യമാക്കുകയുള്ളൂ എന്നതിനാൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ 2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2205-00-105-97-34-03- പ്ലാൻ' എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതം വകയിരുത്തുകയും ടി തുകയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതം ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതിനും രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. <u>ഇതു സംബന്ധിച്ച് അടിയന്തര തുടർ നടപടി സ്വീകരിച്ച് കേന്ദ്ര വിഹിതം ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

124) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ കെട്ടിട നവീകരണത്തിനും ലൈബ്രറി ആധുനിക വൽക്കരണത്തിനുമുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് അന്നത്തെ റേറ്റിൽ ഇപ്പോൾ വ്യത്യാസമുണ്ടെന്ന കാരണത്താൽ എസ്റ്റിമേറ്റ് ഇതുവരെ പൂർത്തിയാക്കിയിട്ടില്ലെന്നും ഇതു സംബന്ധിച്ച് കൽക്കത്തയിലെ

സാംസ്കാരിക വകുപ്പിലെ നാഷണൽ മിഷൻ ഓഫ് ലൈബ്രറി അതോറിറ്റിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ മാസത്തിനുള്ളിൽ എസ്റ്റിമേറ്റ് കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഇതു സംബന്ധിച്ച് വീണ്ടും യോഗം ചേരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത യോഗത്തിന്റെ വിശദാംശങ്ങളും അന്തിമ തീരുമാനമടങ്ങുന്ന റിപ്പോർട്ടും സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## (iii) സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസ്

125) നാഷണൽ സർവ്വീസസ് സ്കീം 2015-16 വരെ 7:5 എന്ന റേഷ്യോ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 2016-17 മുതൽ പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. നാഷണൽ സർവ്വീസ് സ്കീമിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് തുകകൾ സമയബന്ധിതമായി ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ ഇനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളാണ് വന്നിട്ടുള്ളത്. പ്ലാൻ ഇനത്തിൽ 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതായി കാണുന്നില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മുൻകാലങ്ങളിൽ സംസ്ഥാന സർക്കാർ ഈ ഇനത്തിൽ അനുവദിച്ചുവന്നിരുന്ന സാമ്പത്തിക സഹായം തുടർന്നും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (iv) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD)

126) ഐ.എച്ച്.ആർ.ഡി.യ്ക്കു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി എം.എച്ച്.ആർ.ഡി സ്കീമിൽ നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ ഉന്നമനം, ലേഡീസ് ഹോസ്റ്റൽ നിർമ്മാണം എന്നീ രണ്ട് പദ്ധതികളാണുള്ളത്. ഇതിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി 2015-16 വരെ ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പോളിടെക്നിക്കുകളുടെ ഉന്നമനത്തിനായി 2013-14, 2015-16 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണമെന്താണെന്ന് സമിതിയെ അറിയിക്കണമെന്നും പ്രസ്തുത തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (v) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (CCEK)

127) പ്രസ്തുത സെന്ററിന് 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിൽ കേന്ദ്ര പദ്ധതികൾ ഇല്ല. എന്നാൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി 2012-13-ൽ 5.82 കോടി രൂപ അധിക കേന്ദ്ര സഹായമായി അനുവദിക്കുകയും ഗ്രാന്റ് വിഹിതമായി 1.75 കോടി രൂപ, സംസ്ഥാന സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ 68 ലക്ഷം രൂപ 2015-16-ൽ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ചു. എന്നാൽ 2016-17-ൽ അധിക കേന്ദ്രസഹായമായി ലഭിച്ച തുകയിൽ 50 ലക്ഷം രൂപ സെന്ററിന്റെ പദ്ധതിയിനത്തിലുള്ള സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നുമാണ് അനുവദിച്ചത്. ഇപ്രകാരം 2015-16, 2016-17 വർഷങ്ങളിൽ ആകെ ലഭിച്ച 118 ലക്ഷം രൂപയിൽ 98.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

128) സ്ഥലം കൈമാറ്റ നടപടികളിലും കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസമാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതിൽ കാലതാമസം ഉണ്ടാകുവാൻ കാരണമെന്ന് സമിതി മനസ്സിലാക്കുന്നു. 2.06.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 343 ലക്ഷം രൂപയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും അതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതായും രണ്ടാം ഘട്ട നിർമ്മാണങ്ങൾക്കുള്ള പ്രാരംഭ നടപടി കൈക്കൊണ്ടതായും സമിതി നിരീക്ഷിക്കുന്നു. കേന്ദ്ര സഹായമായി ലഭിക്കുന്ന തുക പൂർണ്ണമായി വിനിയോഗിച്ച് യഥാസമയം യു.സി സമർപ്പിച്ച് അടുത്ത ഗഡു നേടിയെടുത്ത് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ ആസ്ഥാന മന്ദിര നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വിവിധ ജില്ലകളിലെ സിവിൽ സർവ്വീസ് അക്കാഡമി കേന്ദ്രങ്ങളിൽ ഡിജിറ്റൽ ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം ഉടങ്ങിയ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (vi) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA)

129) വിവിധ കോളേജുകൾ, സർവ്വകലാശാലകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള സമഗ്രവികസനം ലക്ഷ്യമിടുന്ന റൂസ പദ്ധതി 60:40 അനുപാതത്തിലുള്ളതാണ്. കോളേജുകൾക്കും സർവ്വകലാശാല

കൾക്കുമുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ്, ഇക്വിറ്റി ഇനിഷ്യേറ്റീവ്, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് എന്നിവയ്ക്കായാണ് തുക അനുവദിക്കുന്നത്. ഇക്വിറ്റി ഷെയറായി അനുവദിക്കുന്ന തുക കോളേജുകളിൽ വിമൺ അമിനിറ്റീസ് സെന്റർ സ്ഥാപിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. പകുതിയോളം സർക്കാർ കോളേജുകളിൽ ഈ വർഷം ടി പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള കോളേജുകളിൽ അടുത്ത വർഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

130) കേരള സർവ്വകലാശാലയ്ക്കായി റൂസ പദ്ധതി മുഖാന്തിരം 2015-16-ൽ 2.5 കോടി രൂപയും 2016-17-ൽ 12.96 കോടി രൂപയും അനുവദിച്ചതിൽ ആകെ 3.64 കോടി രൂപ മാത്രമാണ് ഇതു വരെ ചെലവഴിച്ചിട്ടുള്ളത്. നോട്ടിഫിക്കേഷനിൽ പ്രതിപാദിക്കുന്നതിനനുസൃതമായ ടെണ്ടറുകൾ ലഭ്യമാക്കാത്തതും വിദേശ നിർമ്മിതങ്ങളായ ശാസ്ത്ര ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും തുക സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള പ്രതിബന്ധങ്ങളാണെന്ന് സമിതി മനസ്സിലാക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിനാൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും യു.സി. നൽകുന്നതിനും കഴിയുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കേരള സർവ്വകലാശാല ഒരു സ്റ്റാറ്റജിക് പ്ലാൻ തയ്യാറാക്കി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി റൂസ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

131) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി റൂസ പദ്ധതി വഴി പദ്ധതിയടങ്കലായി ആകെ 20 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിനായി ഇതുവരെ അനുവദിച്ചുകിട്ടിയ 15.47 കോടി രൂപയിൽ 2.43 കോടി രൂപ മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും 17.57 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കി യു.സി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

132) കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള റൂസ, യു.ജി.സി 12-ാം പദ്ധതി, ഈക്വൽ ഓപ്പർച്യൂനിറ്റി സെൽ, കോച്ചിംഗ് ഫോർ എസ്.സി.എസ്.ടി/ ഒ.ബി.സി, വുമൺസ് ഹോസ്റ്റൽ, സ്വിമ്മിംഗ് പൂൾ, വൈഫൈ, ഇൻഫ്ലിബ്നെറ്റ്, ഡി.ആർ.എസ് എന്നീ 9 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ റൂസ പദ്ധതിക്കായി അനുവദിച്ച തുകയുടെ 44.6% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

133) കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള സമ്പൂർണ്ണ കേന്ദ്ര പദ്ധതിയായ യു.ജി.സി. 12-ാം പദ്ധതിയ്ക്കായി 14.23 കോടി രൂപ വകയിരുത്തിയതിൽ 5.69 കോടി രൂപ അനുവദിക്കുകയും ഇതിൽ 3.62 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ചെലവഴിക്കാതെ ബാക്കിയുള്ള 2.06 കോടി രൂപ വിനിയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XIX പൊതു വിദ്യാഭ്യാസ വകുപ്പ്

134) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ മദ്രസകളുടെയും ന്യൂനപക്ഷങ്ങളുടെയും വികലാംഗരുടെയും വിദ്യാഭ്യാസത്തിനുള്ള പദ്ധതി ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, റൂസ, സർവ്വശിക്ഷാ അഭിയാൻ, ഡയറ്റ് (District Institute for Education & Training), ഉച്ചഭക്ഷണ പദ്ധതി, അദ്ധ്യാപക പരിശീലനവും വിദ്യാഭ്യാസവും, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (SCERT) എന്നീ 10 പദ്ധതികളാണ് നിലവിലുള്ളത്.

135) 2013-14 സാമ്പത്തിക വർഷത്തിൽ ആർ.എം.എസ്.എ, സൗജന്യവും, നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം, പെൺകുട്ടികളുടെ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള ഇൻസെന്റീവ് മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പാർട്ട്ടൈം അദ്ധ്യാപകരുടെ ഓണറേറിയം എന്നീ

പദ്ധതികൾക്ക് അനുവദിച്ച കേന്ദ്ര വിഹിതത്തിൽ ഒരു രൂപ പോലും ചെലവഴിച്ചതായി കാണുന്നില്ല. കൂടാതെ അംഗവൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, എസ്.സി.ഇ.ആർ.ടി. എന്നിവയ്ക്ക് അനുവദിച്ച കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. മേൽപ്പറഞ്ഞ വസ്തുതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നും കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

136) 2014-15 സാമ്പത്തിക വർഷത്തിൽ സൗജന്യ നിർബന്ധിത വിദ്യാഭ്യാസ ത്തിനുള്ള അവകാശം, എസ്.എസ്.എ, അംഗവൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, ഡയറ്റ്, മദ്രസകളിലെ വിദ്യാഭ്യാസം, പെൺകുട്ടികളുടെ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള ഇൻസെന്റീവ് മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം പാർട്ട്ടൈം അദ്ധ്യപകരുടെ ഓണറേറിയം എന്നിവയ്ക്കായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

137) 2015-16 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷങ്ങൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, സൗജന്യ-നിർബന്ധിത വിദ്യാഭ്യസത്തിനുള്ള അവകാശം, മദ്രസകളിലെ വിദ്യാഭ്യാസം, പെൺകുട്ടികൾക്ക് സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള ഇൻസെന്റീവ്, മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്, പാർട്ട്ടൈം അദ്ധ്യാപകർക്ക് ഓണറേറിയം എന്നിവയ്ക്കായി അനുവദിച്ച കേന്ദ്ര വിഹിതം ഒട്ടും തന്നെ ചെലവാക്കിയിട്ടില്ല. കൂടാതെ അംഗവൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, ഡയറ്റ്, എസ്.എസ്.എ, ന്യൂനപക്ഷ പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്ക് അനുവദിച്ച കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

138) 2016-17 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷങ്ങളുടെ പ്രീമെട്രിക് സ്കോളർഷിപ്പ്, റൂസ, ആർ.എം.എസ്.എ (75%) മീൻസ്-കം.-മെറിറ്റ് സ്കോളർഷിപ്പ്, പെൺകുട്ടികളുടെ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള ഇൻസെന്റീവ്, മദ്രസകളിലെ

വിദ്യാഭ്യാസം, പ്രൊഫഷണൽ - സാങ്കേതിക കോഴ്സുകൾക്കുള്ള മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്, SCERT എന്നിവയ്ക്ക് അനുവദിച്ച കേന്ദ്രവിഹിതം ഒട്ടും തന്നെ ചെലവഴിച്ചിട്ടില്ല. കൂടാതെ ഡയറ്റ്, ന്യൂനപക്ഷ പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, എസ്.എസ്.എ എന്നീ പദ്ധതികൾക്ക് അനുവദിച്ച കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

139) മേൽപ്പറഞ്ഞ പദ്ധതികളിൽ ഉച്ചഭക്ഷണ പദ്ധതി, ഡയറ്റ്, എസ്.സി.ഇ.ആർ.ടി, ആർ.എം.എസ്.എ, എസ്.എസ്.എ. എന്നീ പദ്ധതികളുടെ 2013-14 മുതൽ 2016-17 വരെയുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

140) കേന്ദ്രസർക്കാർ നൽകുന്ന ഫണ്ടിനെക്കാൾ കൂടുതൽ തുക സംസ്ഥാന സർക്കാർ കൂടി നൽകുന്നതിനാൽ കേരളത്തിലെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും ഇപ്പോൾ ഉച്ചഭക്ഷണത്തിനുള്ള തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടെന്നും കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ നടത്തിയ അവലോകനത്തിൽ ഇന്ത്യയിൽ ഏറ്റവും നല്ല രീതിയിൽ ടി പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്കൂളുകളിൽ പ്രഭാതഭക്ഷണവും നൽകുന്നുണ്ട്. ഇത് മാതൃകയാക്കി മറ്റ് സംസ്ഥാനങ്ങളും പ്രഭാത ഭക്ഷണം നൽകുവാൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യുകയും അവിടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളിൽ മൂന്നിലൊരു ഭാഗം ടി പദ്ധതിക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. മറ്റ് പല സംസ്ഥാനങ്ങളിലും 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. കേരളത്തിലെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന അർഹതയുള്ള കുട്ടികൾക്ക് പ്രഥമാദ്ധ്യപകൻ ഉച്ചഭക്ഷണം നൽകുന്നുണ്ട്. 10-ാം ക്ലാസ് കഴിഞ്ഞാൽ ഉപരിപഠനത്തിനായി കുട്ടികൾക്ക് ദൂരെയുള്ള സ്കൂളുകളിൽ പോകേണ്ടി വരുമെന്നതിനാൽ ചെലവ് വർദ്ധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ദേശീയ തലത്തിൽ ടി പദ്ധതി വഴി 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് മാത്രമാണ് ഉച്ചഭക്ഷണം നൽകുന്നതെന്നും ഇതു പരിഷ്കരിക്കരിച്ച് ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം

നൽകാനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയാൽ മാത്രമേ കേരളത്തിനും ടി ആനുകൂല്യം ലഭിക്കുകയുള്ളൂവെന്നും എന്നാൽ സംസ്ഥാന സർക്കാർ ഫണ്ട് കണ്ടെത്തിയാൽ ടി പ്രൊപ്പോസൽ നടപ്പിലാക്കാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം നൽകുന്നതിനുള്ള പ്രൊപ്പോസൽ നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും അതേ സമയം തന്നെ സംസ്ഥാന സർക്കാർ ഇതിനുള്ള ഫണ്ട് കണ്ടെത്തി മേൽപ്പറഞ്ഞ ഉയർന്ന ക്ലാസുകളിലെ കുട്ടികൾക്കു കൂടി ഉച്ചഭക്ഷണം നൽകുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

141) നാഷണൽ അക്രഡിറ്റേഷൻ ഉള്ള ലാബുകളിൽ കുട്ടികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ സാമ്പിൾ പരിശോധിക്കുന്നുണ്ടെന്നും അത്തരം പരിശോധനകളിൽ ഭക്ഷ്യവിഷബാധ ഉള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും പല സ്കൂളുകളിലെയും അടുക്കളയും സംഭരണ സ്ഥലവും വൃത്തിഹീനമായതിനാൽ ആയത് നന്നാക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ പ്രൊപ്പോസൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## (XX) നികുതി വകുപ്പ്

142) നികുതി വകുപ്പിന്റെ കീഴിൽ വരുന്ന രജിസ്ട്രേഷൻ വകുപ്പിന് മാത്രമാണ് കേന്ദ്രവിഷ്കൃത പദ്ധതി നിലവിലുള്ളത്. രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ എന്നീ വകുപ്പുകളുടെ ഭൂമി സംബന്ധമായ രേഖകളുടെ ഡിജിറ്റൈസേഷനുവേണ്ടിയുള്ള ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പദ്ധതി പ്രകാരം രജിസ്ട്രേഷൻ വകുപ്പിന് 25% കേന്ദ്ര സഹായവും 25% സംസ്ഥാന വിഹിതവും എന്ന അനുപാതത്തിലാണ് തുക ലഭിച്ചുകൊണ്ടിരുന്നതെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിന് അനുവദിക്കുന്ന തുക റവന്യൂ വകുപ്പ് മുഖാന്തിരമാണ് വകുപ്പിന് ലഭ്യമാക്കിവരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2010-11

മുതൽ 2013-14 വരെ ആകെ 610 ലക്ഷം രൂപ മാത്രമാണ് രജിസ്ട്രേഷൻ വകുപ്പിന് അനുവദിച്ച് നൽകിയിട്ടുള്ളത്. ടി തുക സമയബന്ധിതമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2013-14 ന് ശേഷം ടി പദ്ധതിക്കായി തുകയൊന്നും ലഭിച്ചിട്ടില്ല. ഈ വർഷം 140 കോടി രൂപയുടെ കോംപ്രിഹെൻസീവ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ടി പ്രൊപ്പോസൽ പ്രകാരം എത്ര രൂപ അനുവദിച്ചു കിട്ടിയെന്നും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (XXI) ആഭ്യന്തര വകുപ്പ്

143) ആഭ്യന്തര വകുപ്പിന് കീഴിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് , 14-ാം ധനകാര്യ കമ്മീഷൻ അവാർഡ്, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നീ 3 കേന്ദ്രാവിഷ്കൃത പദ്ധതികളാണുള്ളത്. 13-ാം ധനകാര്യകമ്മീഷനിലെ ഇനങ്ങളായ പ്രഭാത/സായാഹ്ന കോടതികൾ, ന്യായാധിപൻമാർക്കുള്ള പരിശീലനം, ഹെറിറ്റേജ് കോർട്ട് ബിൽഡിംഗ്, സംസ്ഥാന ജുഡീഷ്യൽ അക്കാദമി, കോർട്ട് മാനേജർമാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവയിൽ പ്രഭാത സായാഹ്ന കോടതികൾക്കും ഹെറിറ്റേജ് കോർട്ട് ബിൽഡിംഗിനുമായി 2013-14, 2014-15 വർഷങ്ങളിലും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി 2013-14 ലും അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഇ-കോടതിക്കായി 2013-14, 2014-15 വർഷങ്ങളിലും കുടുംബകോടതികൾക്കായി 2013-14 ലും ഗ്രാമന്യായാലയങ്ങൾ, എസ്.സി.എസ്.ടി. പ്രത്യേക കോടതികൾ എന്നിവയ്ക്കായി 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലും അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനുള്ള വിശദീകരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

144) 100% കേന്ദ്ര വിഹിതമുള്ള ഇ-കോടതി പദ്ധതി സുപ്രീം കോടതി, ഹൈക്കോടതി, സംസ്ഥാന സർക്കാർ എന്നീ 3 ഏജൻസികൾ ഒരുമിച്ചാണ് നടപ്പിലാക്കുന്നത്. സുപ്രീം കോടതിയിൽ നിന്ന് ഫണ്ട് നേരിട്ട് ഹൈക്കോടതി യിലേക്ക് വന്ന ശേഷം ഹൈക്കോടതി ജഡ്ജസ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് പർച്ചേസും മറ്റ് കാര്യങ്ങളും നടത്തുന്നത്. സബോർഡിനേറ്റ്

കോടതികൾ, അഡ്വക്കേറ്റ്സ് ജനറൽ ഓഫീസ്, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് ഓഫീസ് എന്നിവിടങ്ങളിൽ എൻ.ഐ.സി.യുടെ മേൽനോട്ടത്തിൽ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്തു വരുന്നു. എന്നിരുന്നാലും ഇ-കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതീക്ഷിച്ചതുപോലെ മുന്നോട്ടു കൊണ്ടു പോകാൻ സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇ-കോടതിയുമായി ബന്ധപ്പെട്ട പർച്ചേസ് സംബന്ധിച്ച കാര്യങ്ങൾ എൻ.ഐ.സി., ഹൈക്കോടതി കമ്മിറ്റി എന്നിവയുമായി കൂടുതൽ ചർച്ച നടത്തി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

145) കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഫണ്ടിംഗ് ചെയ്യുന്ന സ്പെഷ്യൽ കോടതി പദ്ധതി വഴി 14 സ്പെഷ്യൽ കോടതികളുടെ നിർമ്മാണം അവസാനഘട്ടത്തിലാണെന്നും അടുത്ത 2 വർഷത്തിനുള്ളിൽ 12 കോടതികളുടെ പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും ടി കോടതികളുടെ നിർമ്മാണം വൈകുന്നതിനുള്ള പ്രധാന കാരണം അനുയോജ്യമായ സ്ഥലം കിട്ടുന്നതിനുള്ള തടസ്സമാണെന്നും ടി പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും 25 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക സമയബന്ധിതമായി ചെലവഴിച്ച് അടുത്ത ഗഡു നേടിയെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

146) കോർട്ട് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ 12 ഇടങ്ങളിൽ സ്ഥലം ലഭിച്ചിട്ടുണ്ട്. ആയതിൽ എസ്റ്റിമേറ്റ് ലഭിച്ച 8 എണ്ണത്തിൽ 5 എണ്ണത്തിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. മുഖാന്തിരം ചെയ്തു വരികയുമാണ്. ഒ.ചന്തുമേനോൻ മജിസ്ട്രേറ്റ് ആയിരുന്ന പരപ്പനങ്ങാടിയിൽ അദ്ദേഹത്തിന്റെ സ്മാരകമായി കെട്ടിടം പണിയുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് 22 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു.

പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

147) സംസ്ഥാനത്ത് 4 സി.ബി.ഐ. കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇ-കോടതി സ്ഥാപിക്കുന്നതും പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട ചെലവ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും റീ-ഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതാണ്. കോടതി കെട്ടിടങ്ങൾ, ജുഡീഷ്യൽ ഓഫീസർമാരുടെ ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം ലഭ്യമാണ്. സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ഹെറിറ്റേജ് കോടതി കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി 12.13 കോടി രൂപ 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചിരുന്നതായും ഇതിന്മേലുള്ള നടപടികൾ കൈക്കൊണ്ടുവരികയാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നടപടിയിന്മേലുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XXII പൊതുമരാമത്ത് വകുപ്പ്

148) കോടതി കെട്ടിടങ്ങൾ, ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം എന്നിവയാണ് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ. പ്രസ്തുത പദ്ധതികൾക്കായി 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച സംസ്ഥാന വിഹിതം ഏറെക്കുറെ ചെലവഴിച്ച ശേഷം കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനായി വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്രവിഹിതം ഇതുവരെ ലഭിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അർഹതപ്പെട്ട കേന്ദ്ര വിഹിതം അടിയന്തരമായി നേടിയെടുത്ത് പദ്ധതികൾ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XXIII ഊർജ്ജ വകുപ്പ്

149) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) 2005 ഏപ്രിൽ മാസത്തിൽ ആരംഭിച്ച 90% കേന്ദ്ര ഗ്രാന്റും 10% റൂറൽ

ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (REC) ലോണും ലഭിക്കുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതിക്കായി 2005-06 മുതൽ 2015-16 വരെയുള്ള കാലയളവിൽ ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2016-17-ൽ ലഭിച്ച 60.785 കോടി രൂപ ചെലവഴിച്ചതായി കാണുന്നില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

150) ഊർജ്ജ നഷ്ടം 15% ആയി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കപ്പെട്ട നവീകൃത ഊർജ്ജിത ഊർജ്ജവികസന പരിഷ്കരണ പദ്ധതിക്ക് (RAPDRP) രണ്ടു ഭാഗങ്ങളുണ്ട്. വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികൾ ഒന്നാം ഭാഗത്തിലും ഊർജ്ജവിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ രണ്ടാം ഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. 2001 സെൻസസ് പ്രകാരം 30,000 ൽ കൂടുതൽ ജനസംഖ്യയുള്ള 43 പട്ടണങ്ങളിലാണ് പാർട്ട് -എയുടെ ഭാഗമായുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ നടപ്പാക്കുന്നത്. ഇതിനായി 214.38 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. പാർട്ട് ബിയിൽ കേരളത്തിലെ 43 പദ്ധതികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. 1078.3 കോടി രൂപയുടെ അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും 2010-ൽ ലഭിച്ചു. ടി പദ്ധതിക്കായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

151) ഗ്രാമീണ ഭവനവൈദ്യുതീകരണം, ഗ്രാമീണ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തി പ്രസരണ വിതരണ നഷ്ടം കുറച്ച് 24 മണിക്കൂറും വൈദ്യുതി എത്തിക്കുക, സൻസദ് ആദർശ് ഗ്രാമ യോജന (SAGY)യിൽ പാർലമെന്റ് അംഗങ്ങൾ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വൈദ്യുതി വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതിയോജന (ഡി.ഡി.യു.ജി.ജെ.വൈ). ഇതിന്റെ പദ്ധതി തുക 485.37 കോടി രൂപയാണ്. തുകയുടെ 60% കേന്ദ്ര സർക്കാർ ഗ്രാന്റും 10% വൈദ്യുതി ബോർഡ് വിഹിതവും 30% അംഗീകൃത ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള ലോണുമാണ്. പദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ യഥാസമയം കൈവരിച്ചാൽ 30% ലോൺതുകയുടെ പകുതി

അധിക ഗ്രാന്റായി അനുവദിക്കുന്നതാണ്. അതായത് 75% വരെ ഗ്രാന്റ് ലഭിക്കാവുന്ന പദ്ധതിയാണിത്. 05.01.2016-ൽ അംഗീകാരം ലഭിച്ച പദ്ധതിക്ക് 86.94 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ 31.3.2017 വരെയുള്ള ചെലവ് 8.04 കോടി രൂപയും നാളിതുവരെയുള്ള ചെലവ് 56 കോടി രൂപയുമാണ്. ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം, ഗ്രാമീണ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തി പ്രസരണ വിതരണനഷ്ടം കുറയ്ക്കുക, 24 മണിക്കൂറും വൈദ്യുതി ലഭ്യമാക്കുക എന്നിവയാണ് ടി പ്രോജക്റ്റിന്റെ ലക്ഷ്യങ്ങൾ. 2018 ജൂൺ മാസത്തിൽ പൂർത്തീകരിക്കേണ്ട ടി പദ്ധതിക്കായി പ്രോജക്ട് മോണിറ്ററിംഗ് ഏജൻസിയെ നിയമിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ഫീൽഡിൽ നിലനിൽക്കുന്ന പരിമിതികളെ അതിജീവിച്ച് ലോൺ ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര വിഹിതവും ബോർഡിന്റെ വിഹിതവും ഉപയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

152) നഗര പ്രദേശങ്ങൾക്ക് മാത്രമായുള്ള ഐ.പി.ഡി.എസ്. (Integrated Power Development Scheme) പദ്ധതിയിൽ ആർ.എ.പി.ഡി.ആർ.പി. (Restructured Accelerated Power Development and Reforms Programme) ഉപപ്രസരണ/വിതരണ സംവിധാനം ശക്തിപ്പെടുത്തൽ, കൺസ്യൂമർ-ഫീഡർ-ട്രാൻസ്ഫോമർ മീറ്ററിംഗ് റൂഫ് ടോപ്പ് സൗരോർജ്ജം പദ്ധതിയും സ്മാർട്ട് നെറ്റ് മീറ്ററുകളും (നിർബന്ധിതം) എന്നിങ്ങനെ 4 ഘടകങ്ങളാണുള്ളത്. 2018 ഡിസംബറിൽ പൂർത്തീകരിക്കേണ്ട ടി പദ്ധതികളുടെ പ്രോജക്ട് തുക 592.07 കോടി രൂപയാണ്. 60:30:10 (ഗ്രാന്റ്, ലോൺ, സംസ്ഥാനവിഹിതം) അനുപാതം നിലവിലുണ്ടെങ്കിലും വിഹിതത്തിന്റെ 90 ശതമാനവും ലോൺ ആയിട്ടാണ് ലഭിക്കുന്നതെന്നും വർക്ക് പൂർത്തീകരിച്ചാൽ മാത്രമേ ഗ്രാന്റ് ലഭിക്കുകയുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ആകെ ലഭിച്ച 106.23 കോടി രൂപയിൽ 12.08 കോടി രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചിട്ടുള്ളൂ എന്നത് വീഴ്ചയായി സമിതി കാണുന്നു. ആയതിനാൽ സാങ്കേതിക തടസ്സങ്ങൾ എല്ലാം തരണം ചെയ്ത്

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ച് പദ്ധതി പ്രർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

153) സോളാർ പാനൽ ഉപയോഗിച്ച് മിനിമം രണ്ട് ബൾബ് എങ്കിലും പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പുതിയ കേന്ദ്രപദ്ധതി ഇടുക്കിയിലും പാലക്കാട്ടുമുള്ള വനമേഖലകളിൽ നടപ്പിലാക്കുവാൻ ശ്രമിച്ചുവെങ്കിലും ഉപഭോക്താക്കൾക്ക് സൗരോർജ്ജ വൈദ്യുതിയോട് താൽപര്യമില്ലെന്നും വനപ്രദേശത്തുകൂടി ലൈൻ വലിക്കുന്ന കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ടി പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിയുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഊർജ്ജ-വനം വകുപ്പുകളുടെ സംയുക്തയോഗം ചേർന്ന് ടി പ്രശ്നം പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി വനപ്രദേശങ്ങളിലുള്ള ആദിവാസി കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് സാങ്കേതിക തടസ്സങ്ങൾ നില നിൽക്കുന്നതിനാൽ ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് വൈദ്യുതി ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള ക്ലിയറൻസ് വനം വകുപ്പിൽ നിന്ന് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XXIV തൊഴിൽ വകുപ്പ്

(i) ഐ.ടി.ഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

154) ഐ.ടി.ഐ-കളെ ലോകബാങ്ക് സഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി 2006-07 ലാണ് ആരംഭിച്ചത്. 2018 സെപ്റ്റംബർ വരെ കാലാവധിയുള്ള ടി പ്രോജക്ടിന്റെ ഫണ്ടിംഗ് 75%കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. പ്രോജക്ടിന്റെ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 7 ഐ.ടി.ഐകൾക്ക് 635.80 ലക്ഷം രൂപയുടെ അഡീഷണൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇനിയും കൂടുതൽ ഐ.ടി.ഐകളെ തെരഞ്ഞെടുക്കുവാൻ പദ്ധതിയുണ്ട്.

(ii) മോഡൽ ഐ.ടി.ഐ

155) കളമശ്ശേരി ഗവൺമെന്റ് ഐ.ടി.ഐയെ മോഡൽ ഐ.ടി.ഐ ആയി ഉയർത്തുന്നതിനായി 10 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിക്കുകയും ഇതിന്റെ ആദ്യഗഡുവായ 3.5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. 70:30 അനുപാതത്തിലുള്ള ടി പദ്ധതിക്കായി 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച 2.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2015-16 ൽ ടി പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ചതായി കാണുന്നില്ല. ആയതിനുള്ള വിശദീകരണം നൽകണമെന്നും അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ച് അടുത്ത ഗഡു നേടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(iii) ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതി

156) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പൊതു സ്വകാര്യ പങ്കാളിത്തത്തിൽ 1396 സർക്കാർ ഐ.ടി.ഐകളുടെ നിലവാരമുയർത്തൽ പദ്ധതി' 2007-08 സാമ്പത്തിക വർഷത്തിലാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്. പട്ടികജാതി വകുപ്പിന് കീഴിൽ വരുന്ന 4 ഐ.ടി.ഐകൾ ഉൾപ്പെടെ സംസ്ഥാനത്തെ 26 ഐ.ടി.ഐകളാണ് ടി പദ്ധതിയിൽ ഉൾപ്പെടുന്നത്. തൊഴിലധിഷ്ഠിത കോഴ്സുകളിൽ ഗുണമേൻമയുള്ള പരിശീലനം നൽകിക്കൊണ്ട് രാഷ്ട്രനിർമ്മിതിക്കാവശ്യമായ വ്യവസായ തൊഴിലാളികളെ സൃഷ്ടിക്കുകയും അവർക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. ഐ.ടി.ഐകളുടെ സമീപ പ്രദേശത്തുള്ളതും നന്നായി പ്രവർത്തിക്കുന്നതുമായ ഒരു വ്യവസായ പങ്കാളിയെ കണ്ടെത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 2.20 കോടി രൂപയിൽ 1 കോടി മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ആയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

157) ചവറയിലെ സ്കിൽ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ഇത് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള പങ്കാളികൾക്കായി പല തവണ ടെണ്ടർ ചെയ്തുവെങ്കിലും ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഐ.ടി.ഐ കഴിഞ്ഞുള്ള കോഴ്സ് എന്ന നിലയിൽ ഇതിനായി പുതിയ സിലബസ് തയ്യാറാക്കുവാൻ കഴിഞ്ഞാൽ നന്നായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ഒന്നുകിൽ സർക്കാർ നേരിട്ട് നടത്തുകയോ അല്ലെങ്കിൽ പ്രൈവറ്റ് പാർട്ട്ണർമാരുമായി ഓപ്പറേഷണൽ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്യുക എന്നീ രണ്ട് വഴികളാണ് വകുപ്പിന് മുന്നിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിൽ അനുയോജ്യമായ മാർഗ്ഗം സ്വീകരിച്ച് പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(iv) മോഡൽ കരിയർ സെന്റർ

158) കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കരിയർ സർവ്വീസ് സെന്ററുകളാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ മോഡൽ കരിയർ സെന്റർ ആരംഭിക്കുന്നതിന് 38.28 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ അനുവദിച്ച തുകയുടെ 60% തുക (22,96,800/- രൂപ) സംസ്ഥാന സർക്കാർ വകുപ്പിന് കൈമാറുകയും ആയത് തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ ഡെപ്യൂട്ടി ചീഫിന്റെ സ്പെഷ്യൽ TSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കേരള യൂണിവേഴ്സിറ്റി അധികൃതരുമായി ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ തുകയിൽ 63,910 രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. പ്രസ്തുത തുക അടിയന്തരമായി ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(v) രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (RSBY)

159) രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (RSBY) പദ്ധതി പ്രകാരം ഓരോ സാമ്പത്തിക വർഷവും ഒരു കുടുംബത്തിലെ പരമാവധി അഞ്ചു പേരടങ്ങുന്ന കുടുംബത്തിന് മൊത്തമായി പരമാവധി 30,000/- രൂപയുടെ സൗജന്യ ആരോഗ്യ ചികിൽസ തെരഞ്ഞെടുത്ത സർക്കാർ, സ്വകാര്യ, സഹകരണ ആശുപത്രികൾ വഴി നൽകി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതിയിൽ അംഗമായിട്ടുള്ള ഓരോ മുതിർന്ന പൗരനും അടിസ്ഥാന ചികിൽസാ സഹായത്തോടൊപ്പം 30,000/- രൂപയുടെ അധിക ചികിൽസാ സഹായവും നൽകി വരുന്നു. 2017-18 സാമ്പത്തിക വർഷം 21 ലക്ഷം കുടുംബങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രസ്തുത കുടുംബങ്ങളിലെ ഏകദേശം 10 ലക്ഷം മുതിർന്ന പൗരൻമാർക്ക് 30,000/- രൂപയുടെ അധിക ചികിൽസാനുകൂല്യം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി അനുവദിച്ച സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുക പൂർണ്ണമായി ചെലവഴിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XXV കായികയുവജനക്ഷേമ വകുപ്പ്

160) കായിക യുവജനക്ഷേമ വകുപ്പിന് കീഴിൽ വരുന്ന കേന്ദ്രപദ്ധതിയായ രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിയ്ക്കായി 2009-10, 2010-11, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ ലഭിച്ച 128.78 കോടി രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 121 കോടി രൂപ 35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി അനുവദിച്ച കേന്ദ്രവിഹിതവും ബാക്കി 7.78 കോടി രൂപ വിവിധ സ്റ്റേഡിയങ്ങളുടെ വികസനത്തിനായി അനുവദിച്ച അധിക കേന്ദ്ര സഹായവുമാണ്.

ടി പദ്ധതി 2015-16 ൽ കേന്ദ്രസർക്കാർ അവസാനിപ്പിക്കുകയും 2016-17 ൽ 'ഖേലോ ഇന്ത്യ' എന്ന പുതിയ പദ്ധതി ആരംഭിക്കുകയും ചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഇവന്റ് നടത്തുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമുള്ള രണ്ട് പ്രോജക്ടുകളാണുള്ളത്. മഞ്ചേരിയിലുള്ള സ്റ്റേഡിയത്തിനായി ഈ വർഷം കിഫ്ബിയിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും 60 കോടി രൂപ മുതൽ മുടക്കി ഫുട്ബോൾ ഹബ്ബ് വികസിപ്പിക്കുവാൻ പദ്ധതിയുണ്ടെന്നും സ്പോർട്സ് അക്കാഡമി പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണം, ഫുട്ബോൾ ഹബ്ബ് വികസനം, സ്പോർട്സ് അക്കാഡമിയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും ത്വരിതഗതിയിലും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XXVI സാംസ്കാരികകാര്യ വകുപ്പ്

161) 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള പുരാവസ്തു വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ മ്യൂസിയം ഗ്രാന്റ്സ് സ്കീം പ്രകാരം തൃപ്പൂണിത്തുറ ഹിൽ പാലസ്, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ നവീകരണ പ്രവർത്തനത്തിനായി അനുവദിച്ചിരുന്ന 80% കേന്ദ്രവിഹിതവും 20% സംസ്ഥാനവിഹിതവും ഉൾപ്പെടെയുള്ള 6,49,46,000/- രൂപയിൽ നിന്നും 5,44,43,427/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ആർക്കിയോളജിക്കൽ ബിൽഡിംഗ് ആയതിനാൽ അതിന്റെ നോംസ് അനുസരിച്ച് വർക്കുകൾ ചെയ്യുന്നതിനാലാണ് കാലതാമസം ഉണ്ടാകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും മ്യൂസിയം നവീകരണവുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിച്ച് അടുത്ത ഗഡു തുക നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

162) 500 ആർട്ടിഫാക്ട്സിൽ കൂടുതലുള്ള മ്യൂസിയം ഡിജിറ്റൈസ് ചെയ്യുന്നതിനും വെബ്സൈറ്റ് തയ്യാറാക്കുന്നതിനുമുള്ള 'ഡിജിറ്റൈസേഷൻ ഓഫ് മ്യൂസിയം' എന്ന പദ്ധതി മുഖാന്തിരം കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽ പാലസ്, പത്മനാഭപുരം കൊട്ടാരം എന്നിവ ഡിജിറ്റൈസ് ചെയ്യാനുള്ള പ്രൊപ്പോസലും 'കപ്പാസിറ്റി ബിൽഡിംഗ്' എന്ന പരിശീലന പദ്ധതിയുടെ പ്രൊപ്പോസലും തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## XXVII ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

163) ടാഗോർ തീയേറ്റർ സെന്റിനറി കോംപ്ലക്സ് നവീകരണത്തിനായി 2010 ൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും കെ.റ്റി.ഡി.എഫ്.സിക്ക് ഫണ്ട് നൽകുകയും ചെയ്തു. തുടർന്ന് 2013-ൽ കേന്ദ്രസർക്കാർ ടി വർക്ക് കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തുകയും സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 41 കോടി രൂപ അനുവദിക്കുകയും ചെയ്തു. കെ.ടി.ഡി.എഫ്.സി കേന്ദ്രഫണ്ടും സംസ്ഥാന ഫണ്ടും ഉപയോഗിച്ച് വർക്ക് മുന്നോട്ടുകൊണ്ടുപോയി. 2015-16 ൽ ഗ്രാന്റ് ഇൻ എയ്ഡ് ആയി കേന്ദ്ര സർക്കാർ ധനകാര്യ വകുപ്പിന് 5.80 കോടി രൂപ ഗഡുക്കളായി അനുവദിച്ചുവെങ്കിലും വർക്കുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം വന്നതിനാൽ വകുപ്പിന് തുക ലഭിച്ചില്ലെന്നും അതുകൊണ്ടാണ് യു.സി നൽകാൻ കഴിയാതെ പോയതെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വർക്കുകൾ ഒരേ സമയം വന്നതുകൊണ്ടും ഫണ്ട് ലഭിക്കാത്തതിനാലുമാണ് പദ്ധതി പ്രവർത്തനം ശരിയായി നടക്കാതിരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിലുള്ള ആശയക്കുഴപ്പം പരിഹരിച്ച് ഫണ്ട് നേടിയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XXVIII വിവരസാങ്കേതികവിദ്യാ വകുപ്പ്

164) 2017-18 സാമ്പത്തിക വർഷത്തിൽ വകുപ്പിന് കീഴിൽ കേന്ദ്ര

പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിൽ വകുപ്പിന് കീഴിലുണ്ടായിരുന്ന പ്രധാനപ്പെട്ട കേന്ദ്രപദ്ധതിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി.ജി). വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് ടി പ്രോജക്ട് വികസിപ്പിച്ചിട്ടുള്ളത്. നിരവധി സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് അതാത് വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. വകുപ്പുകളിൽ നിന്നുള്ള സാങ്കേതിക സഹകരണം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് ടി പദ്ധതി നീണ്ടുപോയതെന്നും തുക സമയ ബന്ധിതമായി ചെലവഴിക്കുവാൻ സാധിക്കാതിരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇപ്പോൾ വിവിധ വകുപ്പുകളിൽ നിന്നും സാങ്കേതിക സഹകരണം ലഭിക്കുന്നതിന് തടസ്സമില്ലെന്നും എല്ലാ വകുപ്പുകളിലും ടെക്നിക്കൽ കമ്മിറ്റികൾ ഉണ്ടെന്നും ഇപ്പോൾ 70 സർവ്വീസുകൾ ഇന്റഗ്രേറ്റ് ചെയ്തുവെന്നും ഉടൻതന്നെ പദ്ധതിയുടെ ഉദ്ഘാടനം നടക്കുമെന്നും ഇനി മുതൽ ഓൺലൈനിലുള്ള എല്ലാ സർവ്വീസുകളും ഒരു സിംഗിൾഗേറ്റ്വേയിലൂടെയോ സിംഗിൾ വെബ്സൈറ്റിലൂടെയോ ലഭിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. <u>വിവിധ സർക്കാർ വകുപ്പുകളുടെ സാങ്കേതിക സഹകരണം ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

165) വിവരസാങ്കേതികവിദ്യാ വകുപ്പിന് കീഴിൽ 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിൽ എസ്.എസ്.ഡി.ജി കൂടാതെ നിലവിലുണ്ടായിരുന്ന മറ്റ് പദ്ധതികൾ സ്റ്റേറ്റ് ഡേറ്റാ സെന്റർ - ടെക്നോപാർക്ക്, ഇൻസന്റീവ് ഗ്രാന്റ് ഫോർ യൂണിറ്റ് ഐഡന്റിഫിക്കേഷൻ (13-ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ്സ്) കെസ്വാൻ, ഇ-ഡിസ്ട്രിക്ട്, കസ്റ്റമർ ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം ഫോർ അക്ഷയ, കപ്പാസിറ്റി ബിൽഡിംഗ്, കോമൺ സർവ്വീസ് സെന്റർ എന്നിവയാണ്. <u>ഇവയിൽ മിക്ക പദ്ധതികൾക്കും കേന്ദ്രവിഹിതം കൃത്യമായി അനുവദിച്ചിട്ടില്ലെന്നും അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ വിശദീകരണം നൽകണമെന്നും തുക സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## XXIX ശാസ്ത്ര-സാങ്കേതിക വകുപ്പ്

166) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പേറ്റന്റ് ഇൻഫർമേഷൻ സെന്റർ, പരിസ്ഥിതി വിവരകേന്ദ്രം (ENVIS - Environmental Information System), ദേശീയ ഹരിതസേന, ദേശീയ ബാലശാസ്ത്ര കോൺഗ്രസ് എന്നീ 4 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്.

167) ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ചുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിനായി കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സംസ്ഥാനത്ത് ബൗദ്ധികസ്വത്തവകാശ അവബോധ സെമിനാറുകൾ, ശിൽപശാലകൾ, പ്രദർശനങ്ങൾ തുടങ്ങിയവ നടത്തുകയും പേറ്റന്റ് ഫയലിംഗിനുള്ള സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു. ടി പദ്ധതിക്കായി 2013-2014 മുതൽ 2016-17 വരെ അനുവദിച്ച തുകയിൽ വളരെക്കുറച്ച് മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. ടി സെന്ററിലേക്കായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഇതുവരെ ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി സെന്ററിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്നും ടി പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായി വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

168) കേരളത്തിലെ പരിസ്ഥിതിക്കും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും മുൻതൂക്കം നൽകി പ്രവർത്തിച്ചുവരുന്ന പരിസ്ഥിതി വിവര കേന്ദ്രം അഥവാ എൻവിസ് സെന്റർ കുട്ടികൾക്കും അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും വേണ്ടി പരിശീലന പരിപാടികൾ കേരളത്തിലുടനീളം സംഘടിപ്പിക്കുന്നു. ടി പദ്ധതിയ്ക്കായി 2013-14 മുതൽ 2016-17 വരെ അനുവദിച്ച തുകയിൽ ഭൂരിഭാഗവും ചെലവഴിക്കുകയും യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

169) കേന്ദ്രവനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവകുപ്പിന്റെ ധനസഹായത്തോടെ കേരളത്തിലെ 2500 ഓളം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്

ദേശീയ ഹരിതസേന. വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുകയെന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിക്കായി 2015-16 ൽ തുക അനുവദിച്ചിട്ടില്ല. 2013-14, 2014-15, 2016-17 വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

170) 10 വയസ്സിനും 17 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് അവരുടെ നിരീക്ഷണപാടവം വളർത്തി നൈസർഗ്ഗികമായ ശാസ്ത്രനിപുണത കണ്ടെത്തുവാനും തിരിച്ചറിയുവാനുള്ള അവസരം ഒരുക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് ദേശീയ ബാല ശാസ്ത്രകോൺഗ്രസ്സ്. 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയ്ക്ക് പുറമേ ചെലവായ അധിക തുക കേരള ശാസ്ത്രസാങ്കേതികപരിസ്ഥിതി കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ് വകയിരുത്തിയിരിക്കുന്നത്.

<u>പൊതുവായ നിഗമനങ്ങളും ശിപാർശകളും</u>

171) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രനികുതി വിഹിതം 32%ൽ നിന്ന് 42% ആയി വർദ്ധിപ്പിച്ചുവെങ്കിലും സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്രസഹായം, ഒറ്റത്തവണ കേന്ദ്ര സഹായം എന്നിവ നിർത്തലാക്കിക്കൊണ്ടും മറ്റു ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല കേന്ദ്ര പദ്ധതികളുടെ എണ്ണം 66 ൽ നിന്ന് 28 ആയി കുറയ്ക്കുകയും അവയുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാമെന്ന വ്യവസ്ഥയിൽ കേന്ദ്രപദ്ധതികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. 60% ന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 ആനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക ബാദ്ധ്യത വരുത്തിയിട്ടുള്ളതായും വികസന

പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായും സമിതി വിലയിരുത്തുന്നു. മുമ്പ് നിലവിലുണ്ടായിരുന്ന മിക്ക കേന്ദ്ര പദ്ധതികളെയും ഒരു അംബ്രല്ലാ സ്കീമിന് കീഴിൽ കൊണ്ടുവന്ന് നിലനിർത്തിയിട്ടുണ്ടെങ്കിലും അവയുടെ കേന്ദ്രവിഹിതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഒരു താരതമ്യ പഠനം സുസാദ്ധ്യമാക്കുന്നതിനായി സംസ്ഥാനത്തിന് ഇതുവരെ വിവിധ സെക്ടറുകളിലായി എത്ര തുക കേന്ദ്ര വിഹിതമായി ലഭിച്ചുവെന്നും ടി തുകയുടെ എത്ര ശതമാനം സമയബന്ധിതമായി ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും കേന്ദ്രവിഹിതത്തിൽ വന്ന കുറവ് മൂലം സംസ്ഥാനത്തിന് സെക്ടർവൈസായി എത്ര രൂപയുടെ നഷ്ടം ഉണ്ടാകുന്നുവെന്നും ആയത് സംസ്ഥാനത്തിന്റെ വികസനത്തെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്നും പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

172) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതത്തിന്റെ ആദ്യഗഡു മിക്കവാറും പദ്ധതിയുടെ ആരംഭഘട്ടത്തിൽ ലഭിക്കാറുണ്ട്. പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്കാണ് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ പദ്ധതി നടത്തിപ്പ് നീണ്ടുപോകുകയും വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കുവാൻ സാധിക്കാതെ വരികയും ചെയ്യാറുണ്ടെന്നും ഇത്തരം ഘട്ടത്തിൽ കേന്ദ്രഫണ്ട് സമയബന്ധിതമായി നേടിയെടുക്കുന്നതിൽ തടസ്സമുണ്ടാകാറുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേന്ദ്രവിഹിതത്തിന്റെ ആദ്യഗഡു ലഭിച്ചാലുടൻ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച് അടുത്ത ഗഡു നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

173) ചില പദ്ധതികൾക്ക് സാമ്പത്തികവർഷത്തിന്റെ അവസാനഘട്ടത്തിൽ കേന്ദ്രവിഹിതം അനുവദിക്കുന്നതായും തൻമൂലം ടി തുക സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാതെ വരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ

ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം നേടിയെടുത്ത് തുക സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

174) മുൻവർഷങ്ങളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലുള്ള കാലതാമസവും അടുത്ത ഗഡു നേടിയെടുക്കുന്നതിൽ തടസ്സമാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഓരോ സാമ്പത്തിക വർഷത്തെയും കേന്ദ്ര വിഹിതം അതാത് വർഷം തന്നെ ചെലവഴിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച് അടുത്ത ഗഡു നേടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

175) പദ്ധതികൾക്കുള്ള കേന്ദ്രസർക്കാരിന്റെ ഭരണാനുമതി ലഭിക്കുന്നതു വൈകുന്നതിനാലും കേന്ദ്രവിഹിതം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനാലും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്പിൽ ഓവർ ആകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം കേസുകളിൽ കേന്ദ്രസർക്കാരിൽ നിന്നും റീവാലിഡേഷൻ അനുമതി തേടിയശേഷം തുടർവർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയുന്നതാണ്. ഇത്തരത്തിൽ പദ്ധതികൾ സ്പിൽ ഓവർ ആകുന്നത് തടയുന്നതിനായി, കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിയും കേന്ദ്രവിഹിതവും യഥാസമയം നേടിയെടുക്കുന്നതിനായി ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയങ്ങളിൽ പ്രേരണ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

176) കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനുള്ള പി.എഫ്.എം.എസ് എന്ന ഓൺലൈൻ സംവിധാനം ധനകാര്യവകുപ്പിന്റെ മേൽനോട്ടത്തിൽ ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ലെന്നും എല്ലാ വകുപ്പുകളും പി.എഫ്.എം.എസിൽ രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം

നൽകി വരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും പി.എഫ്.എം.എസ് വഴി എല്ലാ വകുപ്പുകളുടെയും കേന്ദ്രഫണ്ട് വിനിയോഗം ഫലപ്രദമായി നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

177) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് നേടിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ രൂപീകരിച്ചിട്ടുള്ള കോ-ഓർഡിനേഷൻ സെല്ലിന്റെ പ്രവർത്തനഫലമായി കേന്ദ്രപദ്ധതികൾക്കായി 2015-16 ൽ ലഭിക്കേണ്ടിയിരുന്ന 528 കോടി രൂപ 2016-17 ൽ ലഭിക്കുകയുണ്ടായിയെന്നും സമിതി മനസ്സിലാക്കുന്നു. വരും വർഷങ്ങളിലും പ്രസ്തുത സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

178) കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ പ്രധാന പ്രതിബന്ധമായി നിലകൊള്ളുന്നത് പ്രസ്തുത പദ്ധതികൾ സംബന്ധിച്ച കേന്ദ്രനയമാണെന്ന് സമിതി നിരീക്ഷിക്കുന്നു. മാത്രമല്ല പദ്ധതികളുടെ പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ പദ്ധതി നടത്തിപ്പിൽ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അഖിലേന്ത്യാ തലത്തിൽ രൂപീകരിക്കപ്പെടുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിക്കാതെ വരുന്ന സ്ഥിതിവിശേഷവും നിലവിലുണ്ട്. ആയതിനാൽ സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതികൾ കൂടി കണക്കിലെടുത്ത് വിവിധ കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുവാൻ സമിതി ശിപാർശ ചെയ്യുന്നു.

179) വിവിധ വകുപ്പുകൾക്ക് കീഴിൽ നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ വിശദമായി പരിശോധിച്ചതിൽ നിന്നും കേന്ദ്രസർക്കാരിന്റെ ശ്രദ്ധ പതിയാത്തതും എന്നാൽ വികസനം ആവശ്യമുള്ളതുമായ പല മേഖലകളും അവശേഷിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്നതും വലിയ ഒരു വിഭാഗം ജനങ്ങൾക്ക് ഉപകാരപ്രദവുമായ പദ്ധതികൾ

കണ്ടെത്തുന്നതിന് കില (Kerala Institute of Local Administration), SIRD (State Institute of Rural Development) എന്നിവ പോലെയുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ഇപ്രകാരമുള്ള മേഖലകൾ കണ്ടെത്തി സംസ്ഥാനത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി നേടിയെടുത്ത് ഫലപ്രദമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

180) പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ നിലവിൽ വന്നശേഷം ഭൂരിഭാഗം കേന്ദ്രപദ്ധതികളുടെയും കേന്ദ്ര-സംസ്ഥാന വിഹിത അനുപാതം 60:40 ആണെന്ന് സമിതി മനസ്സിലാക്കുന്നു. അതായത് 40% സംസ്ഥാന വിഹിതം കൃത്യമായി നൽകിയാൽ മാത്രമേ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ സംസ്ഥാന വിഹിതം നൽകി നടപ്പിലാക്കുന്നത് സംസ്ഥാനത്തിന് പ്രയോജനകരമായ പദ്ധതിയല്ലെങ്കിൽ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിക്കാനിടയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാനത്തിന് പൂർണ്ണമായും പ്രയോജനകരമായ പദ്ധതികൾക്ക് വേണം മുൻഗണന നൽകേണ്ടതെന്നും സംസ്ഥാനത്തിന് തീരെ അനുയോജ്യമല്ലാത്തതും നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ നിലവിലുണ്ടെങ്കിൽ അവ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

181) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് കീഴിൽ ധാരാളം കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടെങ്കിലും പൊതുജനങ്ങൾക്ക് ടി പദ്ധതികൾ സംബന്ധിച്ച് കാര്യമായ അറിവില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പൊതുജനങ്ങൾക്ക് ടി പദ്ധതികളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

182) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗവും പദ്ധതി നിർവ്വഹണവും അവലോകനം ചെയ്യുന്നതിനായി വിവിധ വകുപ്പുകളുടെ സെക്രട്ടറിമാരെ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി ചെയർമാനും ധനകാര്യ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായി ഒരു സമിതി രൂപീകരിക്കണമെന്നും പ്രസ്തുത സമിതി മാസം തോറുമുള്ള പദ്ധതി നിർവ്വഹണ പുരോഗതി ധനകാര്യ വകുപ്പ് സെക്രട്ടറിയെ അറിയിക്കണമെന്നും ടി സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പദ്ധതികളുടെ നിലവിലെ അവസ്ഥ ചീഫ് സെക്രട്ടറിയെ അറിയിക്കണമെന്നും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

183) നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിച്ച് അവ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ ശ്രദ്ധിക്കുകയും വികസന സാദ്ധ്യതകളുള്ള പുതിയ മേഖലകൾ കണ്ടെത്തി അവയ്ക്കനുയോജ്യമായ കേന്ദ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്താൽ പ്രസ്തുത പദ്ധതികൾ നമ്മുടെ സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് ഒരു മുതൽക്കൂട്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എസ്. ശർമ്മ,
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി

തിരുവനന്തപുരം
2018 ഫെബ്രുവരി 27